രാമനെകൈത്താരുകൊണ്ടെടുത്തു,
ആളീജനത്തോടൊരുമിച്ചുമേളിച്ചു
പൂനിലാവേററവു പൂൎണ്ണമോദം,
രാമകുമാരനെത്താലോലിച്ചീടുന്നു!
രാകേന്ദുകണ്ടു ചിരിച്ചിടുന്നു!
മായാമയനായ ബാലകനന്നേരം
മാതാവുതന്നുടെ മാറിടത്തിൽ,
കൊച്ചുകരങ്ങളാൽ തച്ചുതുടങ്ങിനാ-
നച്ചരിച്ചാൻ ചിലതവ്യക്തമായ്.
അമ്പിളിതൻ നേരെ കുഞ്ഞിക്കൈ നീട്ടീട്ടു,
മമ്മതന്നാനനം നോക്കും പിന്നെ.
ഇംഗിതമെന്തു കുമാരകനെന്നതാ-
മംഗലഗാത്രിയറിഞ്ഞില്ലേതും.
കാമിതം സാധിച്ചിടാഞ്ഞു കിശോരകൻ
കോപിച്ചുറക്കെക്കരഞ്ഞുകൊണ്ടാൻ.
മുഷ്ടികൾകൊണ്ടുടനമ്മതൻ മാറിടെ,
പുഷ്ടഖേദത്തോടു (കോപത്തോടു) താഡിച്ചീടും
അമ്പിളിതന്നെയുമമ്മയെത്തന്നെയു,
മന്പോടുനോക്കിക്കരയും പിന്നെ.
ദേവികൗസല്യയും രാമകുമാരന്റെ
ഭാവങ്ങൾ കണ്ടു ഭയന്നപാരം!

"ഉണ്ണീ! കുമാരക! രോദനമെന്തിട
മുണ്ണുവാൻ വൈകിക്കരയുകയൊ?
അമ്മിഞ്ഞനൽകീടാം സന്ധ്യമയങ്ങിയാ-
ലമ്മതന്നുണ്ണി കരഞ്ഞീടൊല്ലേ.
പപ്പടം തന്നീടാം പാപ്പം തന്നീടാമെ-
ന്നപ്പനിതുവിധം കേണീടൊല്ലേ
പമ്പരം തന്നീടാം, പന്തുതന്നീടാമെൻ
പൂമ്പൈതൽ കണ്ണീർ ചൊരിഞ്ഞീടൊല്ലേ.
സങ്കടം വേണ്ടാനിൻ താതനുമെത്തിടും
തങ്കക്കുടമേ! കരഞ്ഞീടൊല്ലേ.
അയ്യൊ! കരഞ്ഞു, കരഞ്ഞുനിൻ കണ്ണുകൾ
പൊയ്യല്ല പാരം തുടുത്തിരിപ്പൂ.
മാതാവുവാക്കുകളിത്തരംകേട്ടമാ-
ജ്ജാതവിഷാദനാം ബാലരാമൻ
പൊട്ടിക്കരഞ്ഞുതുടങ്ങിനാനുച്ചത്തിൽ
കേട്ടവരൊക്കയും പാഞ്ഞണഞ്ഞു.
ആളീജനങ്ങളും, നാരീകദംബവും
നാളീകനേത്രൻെറ ചുററും നിന്നു
ആവുന്നതൊക്കെപ്പരിശ്രമിച്ചുന്തൃത്തി-
ലാവതല്ലെന്നഹോ! കയ്യൊഴിച്ചു.
വൃത്താന്തമൊക്കവെ കേട്ടു ദശരഥ
നാത്തനായെത്തിനാൻ തത്രവേഗം.
പിന്നെ സചീവേന്ദ്രനായ സുമന്ത്രരെ
മന്നവൻ നന്നായ് വിളിച്ചരികെ,
ഉണ്ടായതാകെസ്സവിസ്തരം കേൾപ്പിച്ചു
കുണ്ഠിതൻകോസലലക്ഷ്മീമണാളൻ.
ബുദ്ധിമാനായ സചിവനുമന്നേരം
ബദ്ധമോദേന പറഞ്ഞിതേവം.
"ദപ്പ്ണമൊന്നിഹകൊണ്ടുവന്നീടുകി,
ലിപ്പോൾകരച്ചിലടക്കുവൻ ഞാൻ"
എന്ന സുമന്ത്രോക്തികേട്ടു പരിജനം
മന്ദേതരമൊരുദപ്പ്ണത്തെ

കൊണ്ടുവന്നീടിനാർ, കണ്ണിമക്കൂട്ടാതെ
കണ്ടുനിന്നീടിനാർ വിസ്മിതരായ്.
ആ മന്ത്രിപുംഗവൻപിന്നെ മുകുരത്തെ
രാകേന്ദുബിംബിച്ചു കാണുംവണ്ണം
കൗസല്യാനന്ദനിധിതൻ കരതാരി-
ലാശു കൊടുത്തിതു ബുദ്ധിശാലി.
അമ്ഭോജലോചനൻ കൊച്ചുകരംകൊണ്ടു
കണ്ണാടിനന്നായെടുത്തനേരം
ചന്ദ്രനെബിംബിച്ചു കാണുകകാരണം
പുഞ്ചിരി തൂകിനാൻ പ്രീതനായി!

*   *   *

ഇപ്പാരുമൂന്നും പതിനൊന്നും നിർമ്മിച്ചു-
തപ്പാതെ കാത്തുടൻ സംഹരിച്ചും,
ചെപ്പിടിവിദ്യകളിക്കും രഘുപതെ!
ചിൽപുരുഷോത്തമ! ശേഷശായിൻ!
ആഗമക്കാതലെ! യോഗിമാർമാനസെ
മോദേന വാഴും മുകുന്ദദേവ!
ആദിയുമന്തവുമേതുമില്ലാതുള്ളോ-
രാനന്ദകന്ദമെ! തേജോമൂർത്തേ!
മായാമനുഷ്യനെ! കായാംപൂവർണ്ണനെ!
നാരായണനെ! പരമ്പുമാനെ!
ഇന്ദിരാനായക! നിന്നുടെ ലീലക-
ളിന്നാരറിയുന്നു പാരിടത്തിൽ!
സങ്കല്പമാത്രേണ സർവ്വലോകങ്ങളെ
സംസൃഷ്ടിചെയ്തിടും സർവ്വശക്ത!
അമ്പിളി തന്നുടെ ബിംബത്തെ കണ്ടു നീ
യമ്പമ്പ! സന്തോഷം പൂണ്ടുവെന്നോ?
ഉമ്പരും കുമ്പിടും തമ്പുരാനെ! വിഭോ!
നിമ്പാദപങ്കജമാശ്രയം മേ.

ശുഭം.

എസ്സ്. പരമേശ്വരൻനമ്പീശൻ,
വിദ്യാർത്ഥി.

# ചില അസാധുപ്രയോഗങ്ങൾ.

അങ്ങനെ, ഇങ്ങനെ. ഇപ്പോൾ ചില പണ്ഡിതമ്മന്യന്മാർ അങ്ങിനേ, ഇങ്ങിനേ എന്നിവയ്ക്കു പകരം അങ്ങനെ, ഇങ്ങനെ എന്ന് ഇകാരം കൂടാതേ പ്രയോഗിച്ചു കാണുന്നു. ഈ പ്രയോഗം സർവ്വഥാ അസാധുവാണെന്നു പറയേണ്ടിയിരിക്കുന്നു. അങ്ങ്, ഇങ്ങ്, എന്നുള്ള പദങ്ങളോട് ദ്രാവിഡഭാഷയിൽ തരം എന്ന അർത്ഥമായ ഇനശബ്ദം ചേർത്തിട്ടാണ് പൂർവ്വോക്തപദങ്ങൾ നിഷ്പന്നങ്ങളായതെന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. ഈ സ്ഥിതിക്ക് അങ്ങനെ, ഇങ്ങനെ എന്ന് നവീനവിദ്വാന്മാർ പരിഷ്കരിച്ചു പ്രയോഗിക്കുന്നതു് സാധുവാണെന്നു വിചാരിപ്പാൻ യാതൊരു ഉപപത്തിയും കാണുന്നില്ല. ഈ നവീനഭാഷാപരിഷ്കാരികൾകൂടി "എങ്ങിനെ" എന്നതിൻെറ സ്ഥാനത്തിൽ "എങ്ങനെ" എന്ന് പ്രയോഗിക്കുന്നതായി അറിയുന്നതുമില്ല. ഈവക സ്ഥലങ്ങളിൽ ഐകരൂപ്യം ആവശ്യകമാണെന്നും വൈരൂപ്യം ത്യാജ്യമാണെന്നും പറയേണ്ടതില്ലല്ലോ.

ഇനിക്ക്, എനക്ക്. ഈ രണ്ടു പ്രയോഗങ്ങളും സമഞ്ജസങ്ങളല്ലെന്നാണ് തോന്നുന്നതു്. പ്രാമാണികന്മാരായ ചില ഭാഷാഭിയുക്തന്മാർകൂടി 'ഇനിക്ക്' എന്നുള്ള പ്രഥമപദത്തേ ഉപലാളിക്കുന്നതു് കുറേ ലജ്ജാവഹമാണെന്ന് പലക്കും അഭിപ്രായമുണ്ട്. 'എൻെറ' 'എന്നോട്' എന്നിവയ്ക്കു പകരം 'ഇൻേറ', 'ഇന്നോട്' എന്ന് ഈവക മാന്യന്മാരും പറയുന്നതായി കേട്ടിട്ടില്ല. പ്രസ്തുതപദങ്ങളിൽ പ്രകൃതിയായി നില്ക്കുന്നതു് 'എൻ' എന്ന അംശമാണെന്നറിയുന്നവരോട് 'ഇനിക്ക്' എന്നതു് അബദ്ധമാണെന്ന് പറഞ്ഞറിയിക്കേണ്ടുന്ന ആവശ്യകത ഇല്ല. ഇതുപ്രകാരംതന്നേ 'എനക്ക്' എന്ന പ്രയോഗവും അസാധുശബ്ദങ്ങളുടേ കോടിയിൽ ഗണനയേ അർഹിക്കുന്നു. 'എനക്കു' എന്ന പ്രയോഗം ചില പ്രാകൃതന്മാരല്ലാതേ പണ്ഡിതന്മാർ അദ്യാവധി അംഗീകരിച്ചതായി കണ്ടിട്ടില്ല. ഇതിന്നു പുറമേ ഇപ്പോൾ ചിലർ 'അനക്ക്' എന്നും പ്രയോഗിച്ചുവരുന്നുണ്ട്. ഇവർ വിദ്വാന്മാരുടേ നിന്ദയ്ക്കുകൂടി വിഷയീഭൂതന്മാരല്ലായ്കകൊണ്ട് അവരേപ്പററി ഇവിടെ വിശേഷിച്ചൊന്നും പ്രസ്താവിക്കേണ്ടതായിട്ടില്ല. 'എനിക്ക്' 'തനിക്ക്' എന്നീ പ്രയോഗങ്ങൾ സമാനയോഗക്ഷേമങ്ങളാണെന്ന് തത്വഗ്രാഹികളായ വിദ്വാന്മാർ അറിയുന്നതാണ്.

നിണയ്ക്കു്. ആധുനികഭാഷാപരിഷ്കാരികളിൽ ചിലർ "നിണയ്ക്കു്" എന്ന പദത്തേ സുലഭമായി പ്രയോഗിച്ചുവരുന്നുണ്ട്. 'നിൻ' എന്ന പ്രകൃതിയുടേ അന്ത്യ

മായ നകാരം ണകാരമായിത്തീൎന്നതിന്നു കാരണം എന്താണെന്നു് ഇവരാരും പറയുന്നില്ല. ഇപ്പോൾ ഭൂരിപക്ഷക്കാർ പ്രയോഗിക്കുന്നതു് 'നിനയ്ക്കു്' എന്നാകുന്നു എനിക്കു്, തനിക്കു് എന്നീ പദങ്ങളിലെന്നപോലെ 'നിനക്കു്' എന്ന പദത്തിലും ഐകരൂപ്യത്തിനുവേണ്ടിയെങ്കിലും ഇകാരം പ്രയോക്തവ്യമാണെന്നു് ചിലൎക്കു് അഭിപ്രായമുണ്ടു്. ഈ അഭിപ്രായം സാധുവോ അസാധുവോ എന്നു് പണ്ഡിതന്മാരായ ഭാഷാഭിമാനികൾ നിൎണ്ണയിച്ചുകൊള്ളട്ടേ.

നോം, നൊമ്മൾ, നമ്മൾ, നോൻെറ എന്നീ പ്രയോഗങ്ങളെ അപഭ്രംശകോടിയിലല്ലാതെ വിദ്വാന്മാരാരും പരിഗണിക്കുമെന്നു തോന്നുന്നില്ല. 'നോം' എന്നതിന്നു പകരം 'നാം' എന്നും 'നൊമ്മൾ,' 'നമ്മൾ' എന്നിവയ്ക്കുപകരം 'നമ്മൾ' എന്നും പ്രയോഗിക്കുന്നതാണു് ഉചിതമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. 'നോൻെറ' എന്ന പ്രയോഗത്തിന്നു ഇതുവരെ ഗളഹസ്തത്തേ ദാനംചെയ്യാത്ത മാന്യന്മാരുടെക്ഷമ ഭൂമിദേവിയുടെ ക്ഷമയെക്കൂടി അതിശയിക്കുന്നു എന്നു പറയുന്നതിൽ അതിശയോക്തി ലേശം ഇല്ലതന്നെ. പുസ്തകങ്ങളിൽ 'നമ്മുടെ' എന്നല്ലാതെ നോൻെറ എന്നു പ്രയോഗിക്കുവാൻ ആരുംതന്നെ ഒരുമ്പെട്ടുകാണാത്തതു ഭാഷാദേവിയുടെ ഭാഗ്യം തന്നെ.

സത്യാഗ്രഹം. ഈ പദം സാധാരണമായി പ്രയോഗിച്ചുവരുന്ന ഒന്നാണു്. എങ്കിലും ഇതിനിടയിൽ ഇതു അസാധുവാണെന്നും സാധുശബ്ദം'സത്യഗ്രഹ'മാണെന്നും ശ്രീമാൻ വള്ളത്തോൾ നാരായണമേനോനവർകൾ പ്രസ്താവിച്ചതായി അറിയുന്നു. സത്യഗ്രഹമെന്ന പദമാണു് സാധീയസ്സ് എന്നു പറയുന്നതിൽ അസാംഗത്യമില്ല. 1930 ആഗസ്റ്റ് 27-ാംനു-യത്തെ "ആത്മവിദ്യാകാഹള"ത്തിൽ ഈ വിഷയത്തെക്കുറിച്ചു ഇങ്ങിനെ എഴുതിക്കാണുന്നു:—"ആഗ്രഹം എന്ന പദം യാതൊരുഭാഷയിൽനിന്നാണോ ഉൽപന്നമായതു് ആ ഭാഷയിൽ ആ പദത്തിന്നു പിടിച്ചുപറി എന്നാണൎത്ഥം. അതുകൊണ്ടു സത്യാഗ്രഹമെന്നാൽ സത്യത്തെ പിടിച്ചുപറിക്കുക എന്ന ഉദ്ദേശവിരുദ്ധമായ അൎത്ഥമാണു് പ്രതീതമാവുക. അതുകൊണ്ടായിരിക്കണം അഭിജ്ഞനായ മഹാകവി വള്ളത്തോൾ സ്വദേശ്യപ്രശ്നസംബന്ധമായി ഗണപതി ഹൈസ്ക്കൂളിൽ കൂടിയ പൊതുയോഗത്തിൽവെച്ചു 'സത്യാഗ്രഹ'മെന്നുള്ളതു തിരുത്തി 'സത്യഗ്രഹ'മാക്കേണമെന്നു അഭിപ്രായപ്പെട്ടതു്"—"സത്യാഗ്രഹം" എന്ന പദത്തെ അപേക്ഷിച്ചു് "സത്യഗ്രഹം" എന്ന പദത്തിനാണു് പ്രയോഗപ്രാചുൎയ്യമുള്ളതെന്നു ആരും സമ്മതിക്കുന്നതാണു്. എങ്കിലും 'ആഗ്രഹം' എന്ന പദത്തിന്നു 'പിടിച്ചുപറി' എന്നാണു് അൎത്ഥമെന്നുള്ള വ്യാഖ്യാനം ചിന്തനീയമാകുന്നു. "പ്രൗഢമനോരമ"ാദി ഗ്രന്ഥങ്ങളിൽ "ഖണ്ഡനഏവ ആഗ്രഹഃ നതുമണ്ഡനേ" എന്നും മററും പ്രയോഗിച്ചുകാണുന്നുണ്ടു്. ഈവക സ്ഥലങ്ങളിൽ ആഗ്രഹപദത്തിന്നു പിടി

ച്ചുപറി എന്ന അൎത്ഥകല്പന ചെയ്യാൻ തരമില്ലല്ലോ. വിശേഷിച്ചു മലയാളഭാഷയിൽ പ്രസ്തുതപദത്തെ ഉത്കടമായ അഭിലാഷം എന്ന അൎത്ഥത്തിൽ മാത്രം പ്രയോഗിക്കുന്നതുകൊണ്ടു പിടിച്ചുപറി എന്ന അൎത്ഥകല്പന ചെയ്യുന്നതു സംസ്കൃതത്തിലെന്നപോലെ ഭാഷയിലും സാധുവാകുമെന്നു തോന്നുന്നില്ല. "നവിശേഷേവിദ്വേഷാമിഹ ഗ്രഹഃ" എന്നും മററുമുള്ള പ്രയോഗങ്ങൾ സത്യഗ്രഹപദത്തിന്റെ സാധുത്വത്തെ അനുഗ്രഹിക്കുന്നു.

സ്വദേശിപ്രദൎശനം. ഈ പദവും അസാധുവാണെന്നു ശ്രീമാൻ വള്ളത്തോൾ നാരായണമേനോനവൎകൾ മുഖേന ചിലർ ഇദംപ്രഥമമായി ഗ്രഹിക്കാനിടയായതു അവരുടേയും മാതൃഭാഷയുടെയും ഭാഗ്യംതന്നെ. ഭാഷയിൽ 'സ്വദേശിപ്രദൎശനം' എന്നു മതിയെന്നും "സ്വദേശ്യപ്രദൎശനം" എന്നു ആവശ്യകമല്ലെന്നും ചിലർ പ്രബലമായി വാദിക്കുന്നുണ്ടു്. ഇതു ഇരിക്കട്ടേ. 'സ്വദേശ്യവസ്തുപ്രദർശനം' എന്നു പ്രയോഗിക്കുന്നതായാൽ അല്പംകൂടി നന്നായിരിക്കുമെന്നു പലക്കും അഭിപ്രായമുണ്ടു്. കാരണം വിദേശീയവസ്തുക്കളെ സ്വദേശത്തിൽ പ്രദർശിപ്പിക്കുന്നതായാൽ അതിനും 'സ്വദേശ്യപ്രദർശനം' എന്നു പേർവിളിക്കാൻ പാടുള്ളതായി വന്നേക്കുന്നതാണ്. 'സ്വദേശ്യം' എന്ന അൎത്ഥത്തിൽ 'സ്വദേശി' എന്നു പ്രയോഗിക്കുന്നതു ഒരു പ്രകാരത്തിലും ശരിയല്ല.

തീൎത്ഥകാകൻ.

---

"എടോ! താനൊരു മദ്യപാനി"യാണൊ?"

"ഹൈ അസംബന്ധം, ഇതാര് പറഞ്ഞു. എന്റെ വയറിനെപ്പററി പറഞ്ഞാൽ ഒരുവിധം യോജിക്കുമായിരുന്നു."

* * * *

ചോദ്യക്കടലാസ്സിൽ, ഹൃദിസ്ഥമാക്കിയ ശ്ലോകങ്ങളെ ഉദ്ധരിച്ചെഴുതേണ്ടതുണ്ടായിരുന്നു. ഒരു കുട്ടി ഒരു ശ്ലോകത്തിന്റെ മൂന്നുപാദവും എഴുതി നാലാമത്തേത് എഴുതേണ്ടതിന്റെ നേരെ ഒരു വരവരച്ച് ഇപ്രകാരമെഴുതി. "സേർ, മഷി തീൎന്നുകൊണ്ടാണ് അവസാനത്തെ പാദം പൂൎത്തിയാക്കാതിരുന്നത്."

* * * *

ഒരു ടൺ കല്ക്കരികൊണ്ടു് തീവണ്ടിയിൽ എട്ടു ടൺ വെള്ളം തിളക്കുന്നതാണ്. ലണ്ടനിൽനിന്നു പ്ലിമത്തിലേക്കു ഒരു തീവണ്ടി എത്തിച്ചേരുവാൻ നാലു ടൺ കല്ക്കരി ആവശ്യമാണ്.

# നെപ്പോളിയന്റെ ഒരു ഉചിതകൃത്യം.

(വി. പി. ശങ്കുണ്ണിമേനോൻ, സീനിയർവിദ്യാൎത്ഥി)

പാരിടം വിപുലവിക്രമത്തിനാൽ
പാരമാശ്ശിറപെടുത്തസൈനികൻ
നീരജാതശരചാരുവിഗ്രഹൻ
ധീരതയ്ക്കൊരു "കുമാര"സന്നിഭൻ 1

ആളിടുന്ന കടുരുട്ടിൽ മാററലർ-
പ്പാളിയൊക്കെ വിമൎദ്ദിച്ചുവിട്ടവൻ
നീളവേയൊളിനിരത്തിവാണു"നെ-
പ്പൊളി"യാഖ്യനൊരുമന്നവൻപുരാ (യുഗ്മകം) 2

ജാതനല്ല സുകുലത്തിലെങ്കിലും
താതനില്ല ധനമെന്നിരിക്കിലും
പ്രീതയായവനിലേററവും സുമോൽ-
ഭൂതയെന്തിതിനുമീതെവേണ്ടതും? 3

സ്വാന്തമൊട്ടുമിടറാതെയനഘം
സ്വന്തമായ കരശക്തിയാലവൻ
എന്തിവന്നവിഷമങ്ങളെക്കട
ന്നന്തതോ നൃപപദം കരേറിനാൻ. 4

ദീനരിൽ കനിവുകാട്ടിദുഷ്ടരേ
പീനകോപമൊടുപീഡചെയ്തുമേ
മാനവൻചിതമൊട്ടുഴിവാണുതേ
വാനിലങ്ങമരരാജനെന്നപോൽ. 5

ശിഷ്ടർതന്നുടയ കല്പവൃക്ഷമാം
ദുഷ്ടമൎത്ത്യകുലകാലനും തഥാ
ഇഷ്ടദാനനിരതന്റെ പേരിനാൽ-
നഷ്ടമായിനസുതന്റെകീൎത്തിയും. 6

ആഗതൎക്കു, തരു പക്ഷികൾക്കുപോൽ
സ്വാഗതം പറയുവോൻനരാധിപൻ
സ്ത്രീഗണത്തിനൊരത്ഭുതപൂൎവ്വമാം
രാഗഹേതു, വിമതൎക്കു കാലനും. 7

താതനാത്മജരെയെന്നപോലവേ
ഭൂതലാധിപതി പൌരരെസ്സദാ
പ്രീതരാക്കിയതിനാൽ ജനങ്ങളിൽ
ജാതമായിനൃപഭക്തിയും തുലോം. 8
ഇല്ലവന്നൊരുസമാനനെന്നനൽ
ച്ചൊല്ലുപൊങ്ങിഭുവനത്തിലെങ്ങുമേ
ഫുല്ലകീർത്തിരുചികണ്ടുമാനസേ,
യല്ലൽമൂത്തുസുരനായകന്നുമേ 9
ഇത്തരം ദശമുഖാരിപോൽ ധരാ
ഭൃത്തുഭൂമിവടിവോടുവാഴവേ
അത്തൽമൂത്തുനൃവരക്കുനല്ലമ
സ്സത്തമന്റെനിലകണ്ടുമാനസേ 10
കാന്തമായനില കണ്ടെതിർത്തൊരാ
ഭ്രാന്തചിത്തർ മറുമന്നരഗ്നിയിൽ
വെന്തുപോംശലഭജാലമെന്നപോ
ലന്തമാർന്നൂനൃപരോഷവഹ്നിയിൽ 11
ഇത്ഥമന്യനിലസൂയയാലിളാ-
ഭൃത്തുകൾക്കു പിടിപെട്ടുനാശവും;
സത്യമാണുമനുജന്നസൂയയാ-
ലിത്തരംഗതി, വിവാദമെന്തിതിൽ? 12
അന്നുഭൂതലസുധാംശുമന്നവൻ
ചിന്നിടുന്ന രുചികണ്ടുതൃപ്തരായ്
ഭിന്നഭാവമൊടെതിർത്തക്രൂരർതൻ
മുന്നണിക്കുനിലചെയ്തിതാംഗളർ. 13
വൻനയംപെരുകുമാംഗളേയരായ്
മുന്നിലേറവുപൊരുത്തും ദശാന്തരേ
മന്നവന്നനുചരക്കുകിട്ടിയാ-
സന്നനാം വിമതയോധനേകനേ. 14
യുദ്ധശേഷമവരാൻമന്ദിരം
ബദ്ധമോദം, അഥ ബന്ധനസ്ഥനെ
ശ്രദ്ധവിട്ടവിടെ മുക്തനാക്കിനാ-
നദ്ധരാപതി, ദയാസരിൽപതി. 15
തെല്ലുസൗഖ്യമവനാർന്നതില്ലവ
ന്നില്ലബന്ധനമതെന്നിരിക്കിലും

നല്ലനൈജഗൃഹമോർത്തുതീവ്രമാ
മല്ലൽപൂണ്ടുകൃശമായിദേഹവും. 16
വാർത്തയൊന്നുമറിയാതെ പുത്രനേ
പാർത്തിടും ജനനിയേയുമങ്ങിനെ
ഓർത്തുഹൃത്തടമെരിഞ്ഞിടുംകള
ത്രത്തെയും പരമതപ്തനായവൻ- 17
ഏകനില്ലസഖിയെന്നകാരണാ
ലാകവേമനമുഴന്നുപോയവൻ
ഏകനായ്വിമരുഭൂവുചുററുമാ
റേകദാജലധിതീരമെത്തിനാൻ- 18
കേണുകേണവിടെനിന്നു ദൃഷ്ടിതൻ
കോണയച്ചുപൊഴുതൂർമ്മിമാലയിൽ
വീണൊലിച്ചമരമൊന്നുകണ്ടവൻ
പ്രീണനായതുപിടിച്ചുസത്വരം- 19
വാരിജാക്ഷകൃപയാൽ ലഭിച്ചൊര
സ്സാരമായതടി, പോതമാക്കിയും
വാരിരാശിതരണത്തിന്നൂന്നി; ഏ-
ത്താരി,ലായതുമറച്ചുവെച്ചുതേ- 20
സ്സൂരനൊപ്പമവനംബുരാശിതൻ
തീരമെത്തിയിരുൾനീങ്ങുവോളവും
നേരമൊട്ടു കളയാതെഗൃദ്ധമായ്
സ്സാരശീഘ്രതയൊടാന്റവേലയെ- 21
ചെന്നിതല്പദിവസങ്ങൾവേലയും
തീർന്നു പോയ്വിമതർകണ്ടിടാതവേ
അന്നിലംജലധിമാർഗ്ഗമായ്വിടാ
ന്നൂന്നിതക്കമവനോർത്തിരിപ്പുമായ്. 22
മാനസത്തിലധികം കൊതിച്ചുത
മ്മാനവന്നൊട്ടുവിലങ്ങലബ്ധമായ്
പീനമോദമൊരുരാത്രിനിർഭയം
യാനമാന്നുചെറുപോതമേറിയും- 23
യോഗിലൗകികസുഖങ്ങൾപോലവൻ
സാഗരോർമ്മികൾകടന്നുപോകവേ
ആഗമിച്ചിതൊരുകപ്പൽദൈവമേ!
യോഗം! എന്തുപറയേണ്ടുമറവുഞാൻ? 24

കണ്ടുകപ്പലഹരിതൻെറയെന്നതായ്
കണ്ടവൻ കുതികുതിച്ചുപോകവേ
മണ്ടിയായതവനെപ്പിടിച്ചുടൻ
കൊണ്ടുവന്നു നൃവരൻെറ സന്നിധൗ. 25
പാണി തൻെറ പിറകിൽപ്പിണച്ചൊരാ
ക്ഷോണിപൻെറ നിലകണ്ടുജീവനിൽ
ക്ഷീണനററുകൊതിയെങ്കിലും നൃപൻ
വാണികേട്ടു, മനമൊട്ടുശാന്തമായ്. 26
"ആഴിയിൽ വിലപിടിച്ചജീവനേ
പാഴിലെന്തിനു കളഞ്ഞിടുന്നുനീ
കേഴമാൻമിഴിപിരിഞ്ഞമാലിനി-
ങ്ങാഴമിത്രവലുതോ കഥിക്കനീ."
ആത്തനോതിനൃപവാക്കിനുത്തരം
"പാത്ഥിവേശ! മമ മാതൃമാനസം
കത്തിടുന്നാകഥയെ സ്സുദുസ്സഹം
പേത്തിടം മനമിയന്നുസാഹസം." 28
ഗീരിതിന്നു നൃപനോതി "തുഷ്ടിനിൻ
നേരെഴും മൊഴിയപാരമേകി:മ
വീര,നിന്നതുലമാതൃഭക്തിയി-
പ്പാരിലുള്ള മനുജക്കുമാതൃക." 29
മന്നനപ്പൊഴുതുഭൃത്യരേവിളി
ച്ചോന്നുസസ്മിതമുരച്ചിതീവിധം
"ഇന്നുതന്നെയതിവേഗമോടുപോയ്
ഖിന്നനെപ്പുരിയണച്ചുകൊള്ളണം." 30
എമ്മഹീതലമവന്നസാദ്ധ്യമി
ജ്ജന്മമെത്തുവതിനെന്നുതോന്നിയോ
മേന്മയിൽ ദ്രുതമണഞ്ഞുതത്രത-
ന്നമ്മയെബ്ബുതവണങ്ങിഭാഗ്യവാൻ. 31
മാനിതൻെറ മഹനീയവൃത്തിയേ
മാനസത്തിലവനോത്തിതെപ്പൊഴും
മാനവേന്ദ്രനുജയത്തിനെന്നുമ
ന്യൂനഭക്തിയൊടുചെയ്തിതത്ഥന. 32
ഒട്ടുചെന്നു ദിന, മീശകല്പിതം
ബ്ബ്രിട്ടരോടു സമരേ പരാജയം

ഏട്ടുപോയിനൃപനെന്നുകേട്ടൊരുഠം-
ത്തട്ടുഞെട്ടിയവനോതിയിത്തരം. 33
"പോരിലേററ ഭടരേജ്ജയിച്ചോരാ
വീരനെയഥ പിടിച്ചുകെട്ടിയോ?
പാരമത്ഭുതമിതേകിടുന്നമേ
പാരിലെന്തിനിഭവിച്ചിടാത്തതും? 34
മാരദേവനൊടിടഞ്ഞകോമളാ
കാരയുക്തനതുലൻ ജിതേന്ദ്രിയൻ
പാരിനീശകുലമൗലിരത്നമാ
വീരനിന്നുവിമതക്കു ദാസനായ്! 35
ഭൂപരന്നതനുദീപ്തിയൊത്തനൽ
ദീപമൊന്നുശിവനെപൊലിഞ്ഞുപോയ്
കൂപദേശമതിലംബരംവെടി
ഞ്ഞാപതിച്ചിതൊരുതാരമുജ്ജ്വലം! 36
ഇന്ദുഹീനരജനീസമാനമാ
മിന്നുഭൂപതി വെടിഞ്ഞമന്നിടം.
ഊന്നുവിട്ടലതപോലെയും, മണം
നിന്നുപോയസുമനസ്സുപോലെയും! 37
ഹാ! വിധിക്കുസകലം തൃണോപമം
പാവ നമ്മൾ, ഭുവനം കളിസ്ഥലം
ഏവഴിക്കവനുചിന്തപോകുമെ-
ന്നോവനും ദൃഢമറിഞ്ഞിടാത്തതാം. 38
വാനിലുച്ചപദമാന്നസൂരനും
സ്ഥാനമററുജലമാഴ്ന്നതില്ലയോ?
മാനവേശഗതിയെന്തിതിൽപ്പരം
ന്യൂനമായതുവിധാതൃകല്പിതം." 39
ഏവമോതിശുചമൊട്ടടക്കിയ-
ബ്ഭൂവലാരിഹിതകാംക്ഷിയാമവൻ.
ആവിലാശയനതീവഭക്തിപൂ-
ണ്ടീവിധം ഹൃദിനമിച്ചുദൈവതം. 40
"അല്ലേമാമകചിത്തമാംലതപടന്നേറുന്നൊരാലംബമേ!
അല്ലേമാമകമാനസദ്രുമമതിൽശോഭിച്ചിടുംസൂനമേ!
അല്ലേമാമകചിത്തമാനസജലേ ക്രീഡിച്ചിടുംഹംസമേ!
അല്ലേലോകപതേ! നൃപനധികമാംശ്രേയസ്സുനല്കുണമേ!" 41

UNIV... 15 OCT

# ഇതാണോ പരിഷ്കാരം?

ലോകം ഇതാ ഏതാണ്ട് പരിഷ്കാരത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഗുഹയിൽ നിവസിച്ചുവന്നിരുന്ന മനുഷ്യൻ ആകാശത്തിൽ പറന്നു തുടങ്ങി. ആകാശത്തിലുള്ള ചില ഗ്രഹങ്ങളുമായി സംഭാഷണം നടത്താൻ പരിശ്രമിച്ചുതുടങ്ങി. ഭൂമിയെ 24 മണിക്കൂർ കൊണ്ടു പ്രദക്ഷിണം വെക്കുവാനുള്ള അത്യാശ്ചര്യകരമായ ശക്തിയും അവന്നു സിദ്ധിച്ചുകഴിഞ്ഞു. അതെ-മനുഷ്യൻ ദേവനായിത്തീൎന്നു.

എന്നാൽ ഇതുകൊണ്ടൊന്നും മനുഷ്യൻ നാഗരികത്വത്തിൻെറ "നഗരത്തി"ലെത്തിപ്പോയി എന്നു പറവാൻ നിവൃത്തിയില്ല. തൽസ്ഥാനത്തെ പ്രാപിക്കുവാൻ അവന്നു അത്യാവശ്യകമായിട്ടുള്ളത് "മനഃപരിഷ്കാരം" മാത്രമാണ്. ഇത് പൂൎത്തിയായാൽ മാത്രമെ മനുഷ്യൻ അവൻെറ പ്രാപ്യസ്ഥാനത്തെത്തിക്കഴിഞ്ഞിരിക്കുന്നു എന്നു പറവാൻ നിവൃത്തികാണുന്നുള്ളു.

മനുഷ്യന്നു, മനഃപരിഷ്കാര"ത്തിൻെറ പൂൎണ്ണതയെ പ്രാപിപ്പാൻ ഇനിയും എത്രയോ ശതാബ്ദങ്ങൾ വേണ്ടിവരുമെന്നാണ് പറയേണ്ടത്. നിഷ്ഠുരഹൃദയരും, പ്രതിക്രിയേച്ഛുക്കളും ആയ ഗുഹാനിവാസികളായിരുന്ന പൂൎവ്വന്മാരുടെ "കെട്ട" ഹൃദയം, ഇവരിൽ വ്യാപിച്ചുകിടക്കുന്നത്, തേഞ്ഞുമാഞ്ഞുപോകുവാൻ പ്രയത്നവും കാലദൈൎഘ്യവും ഒരുപോലെ അത്യാവശ്യമായിട്ടുള്ളതാകുന്നു. കാട്ടിൽ നായാടി, നിരപരാധികളും, സ്വാതന്ത്ര്യേച്ഛുക്കളും ആയ മൃഗങ്ങളെ പിടിച്ചും, കൊന്നും ഉള്ള ഈ ഇരുപതാംനൂററാണ്ടിലെ 'പരിഷ്കാരമൎത്ത്യ'ൻെറ നീചകൎമ്മമാലോചിക്കുമ്പോൾ അവനാണൊ "മനഃപരിഷ്കാരം" സിദ്ധിച്ചവൻ? അവനാണൊ ഭാവിസന്താനങ്ങൾക്കു ആദൎശമായിത്തീരേണ്ടവൻ? അതെ! ഈ നിഷ്ഠുരകൎമ്മങ്ങളെല്ലാം "പമ്പ കടത്തി വിടുന്നതിന്നുള്ള സമയം നന്നെ അതിക്രമിച്ചുകഴിഞ്ഞു! ഇതിനെയെല്ലാം ദൂരീകരിക്കുന്നതിന്നു അത്യുത്സാഹം പ്രദൎശിപ്പിക്കാതെയും, ശുഷ്കാന്തി കാണിക്കാതെയും ഇരിക്കുന്നത് ഏററവും പരിതാപകരം തന്നെയാണ്.

ഇനി മറെറാന്നു പറവാനുള്ളത് "യുദ്ധ"ത്തെപ്പററിയാണ്. ഈ ലഘുലേഖനത്തിൽ ആ ഭയങ്കരകൎമ്മം വരുത്തുന്ന അത്യാപത്തുകളേ വിശദീകരിക്കുവാൻ സാദ്ധ്യമാണെന്നു തോന്നുന്നില്ല. വെറും പ്രതിക്രിയേച്ഛകൊണ്ടും, പരധനേച്ഛകൊണ്ടും, മാത്രമാണ് "യുദ്ധ"മെന്നത് ലോകത്തിൽ ആവിൎഭവിപ്പാനിടയായത്. ഇതിന്നു "ലോകമഹായുദ്ധം" ഒരു നല്ല തെളിവ് കൊടുക്കുന്നതുമുണ്ട്.

ജീവിതവീഥിയിൽക്കൂടി ഉലാത്തി നടക്കുന്നതിന്നു ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന എത്ര ജീവൻ, അവയവമില്ലാതെ പാടുപെട്ടു കണ്ണീരും കയ്യുമായി, നരജന്മത്തെ പാഴാക്കി ലോകത്തെ നരകഗർത്തമാക്കിക്കരുതി കാലം കഴിച്ചുപോരുന്നു! ഭാവി പൌരന്മാരായിരിക്കേണ്ട എത്ര പേർ രണരാക്ഷസന്റെ" കഠിനപ്രഹരമേററു മുളയിൽത്തന്നെ നിലംപതിച്ചുപോയി? ലോകസമ്പത്തിന്റെ എത്ര പ്രശസ്തമായ ഒരു ഭാഗമാണ് ആ പ്രളയത്തിൽക്കൂടി പ്രവഹിച്ചുപോയത്? ഇതൊന്നും മനുഷ്യന്നു സാരമില്ലെന്നൊ?

ഒരു മനുഷ്യൻ മറെറാരു മനുഷ്യനെ കരുതുന്നതുപോലെ തന്നെയാണ് ഒരു രാജ്യം മറെറാരു രാജ്യത്തെയും പരിഗണിച്ചുപോരുന്നത്. "അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ്വരേണം" എന്ന സാരഗർഭമായ വാക്യം രണ്ടുകൂട്ടർക്കും ഒരുപോലെ ബാധകമാണ്. "സുഖത്തിനായ്വരേണം' എന്നില്ലെങ്കിലും "ബുദ്ധിമുട്ടുകൂടാതെ കഴിപ്പാൻ പര്യാപ്തമായിത്തീർന്നാലും മതിയായിരുന്നു" എന്നാണ് എന്റെ പക്ഷം.

രണ്ടു രാജ്യങ്ങൾ തമ്മിൽ പോരാടി, ശത്രുവെ തോല്പിച്ചു, അനേകം ജീവനാശത്തിന്നു ഹേതുഭൂതമാക്കിയതുകൊണ്ടൊന്നും ലോകർക്കും ലോകത്തിന്നും, ഉൽഗതിയുണ്ടാകുന്നതല്ല. കയറിക്കത്തിക്കൊണ്ടിരിക്കുന്ന തീജ്വാലയെ തച്ചുകെടുക്കുവാനുദ്യമിക്കയാണ് ഇവർ പരമാർത്ഥത്തിൽ ചെയ്യുന്നത്.

ഇത്യാദി ദുഷ്കർമ്മങ്ങൾ മുമ്പുതന്നെ നാമാവശേഷമായിത്തീർന്നിട്ടുണ്ടായിരുന്നുവെങ്കിൽ—മനുഷ്യഭീതിയില്ലാതെ മനുഷ്യർ വാണിരുന്നുവെങ്കിൽ—ഹാ! ഇന്നത്തെ ലോകം എത്ര മഹത്തായതാകുമായിരുന്നു, എന്ന് എനിക്കു ഊഹിക്കാൻപോലും കഴിയുന്നില്ല. കാലാന്തരത്തിൽ ലോകം ഏതാദൃശമായിരിക്കുന്ന ഒരു ദശയെ പ്രാപിക്കേണ്ടതല്ലയോ? അന്നു ഈ ഞാൻ "കൊററിന്നുപോലും വകയില്ലാതെ, പട്ടിണിയിട്ടു കിടന്നീടുകിലും" അവരിൽ—അന്നുള്ള പുണ്യകൃത്തുകളിൽ—ഒരംഗമായിത്തീരുന്നുവെങ്കിൽ, ധന്യധന്യൻ തന്നെ എന്നു കരുതുന്നതാണ്.

എസ്. കെ. പി. (സീനിയർവിദ്യാർത്ഥി)

# ഒരു ധ്യാനശ്ലോകം.

വാമാങ്കത്തിങ്കൽവാഴും രമണിമണിരമാ രുഗ്മിണീമണ്ഡിതാംഗൻ
ഹേമാംഭോജാസനസ്ഥൻ കനകമണിലസദ്വേത്രദോർദ്ദണ്ഡരമ്യൻ
ചിന്താരത്നൊജ്വലാച്ഛ്രീകരകമലസമാശ്ലിഷ്ട ലക്ഷ്മീശരീരൻ
നൽകട്ടെവാസുദേവൻ മമനിഖിലസുഖം കാളമേഘാഭിരാമൻ.

പി. കെ. കുട്ടിത്തമ്പുരാട്ടി അവർകൾ.

## ക്ലമിമൻക്രർ.

ഒരു വലിയ ഉദ്യോഗസ്ഥൻ ഭ്രാന്താസ്പത്രി സന്ദർശിച്ച അവസരത്തിൽ രോഗികളിൽ ഒരുവൻ തനിക്കു സ്വാതന്ത്ര്യം വാങ്ങിത്തരുവാനായി വളരെ വണക്കത്തോടെ അപേക്ഷിച്ചു. അദ്ദേഹം കഴിയുംവിധം ശ്രമിക്കാമെന്നു വാഗ്ദാനം ചെയ്തു.

"മറക്കരുതേ! മറക്കരുതേ!" എന്നു രോഗി വീണ്ടും വീണ്ടും പറഞ്ഞു. 'ഇല്ല്യ'എന്നു പറഞ്ഞ് ഉദ്യോഗസ്ഥൻ തിരിഞ്ഞതോടുകൂടി പുറത്തു ഒരു ചവിട്ടുകൊണ്ട് അദ്ദേഹം മണ്ണിൽവീണു. രോഗി:—"നിങ്ങൾ മറന്നാൽ നിങ്ങൾക്കുള്ളതാണ് അത്."

## അമ്മ അടിക്കും.

ഗുരുനാഥൻ:—"സ്വർഗ്ഗത്തിലേക്കു പോകേണ്ടവർ കൈ പൊക്കുവിൻ"
രാമൻ പൊക്കിയ കൈ പെട്ടെന്നു താഴ്ത്തി.
ഗുരു:—"നിണക്കു സ്വർഗ്ഗത്തിലേക്കു പോണ്ടെ?"
രാമൻ:—"നേരെ വീട്ടിലേക്കു ചെല്ലാൻ അമ്മ പറഞ്ഞിട്ടുണ്ട്"

# "നല്ലൊരു ജാലവിദ്യ പ്രയോഗിച്ചു"

അഥവാ

# ഒരു പ്രഹസനം.

(ജ്യോത്സൻ പണിക്കരും ഗോവിന്ദമേനോനയച്ച വാലിയക്കാരൻ ചാത്തുനായരും പ്രവേശിക്കുന്നു.)

പണി—എന്താ ചാത്തപ്പാരെ മൂപ്പക്ക് വിശേഷിച്ച് സുഖക്കേടൊന്നുമില്ലല്ലൊ.

ചാത്തു—യെ. അവിടെക്ക് സുഖക്കേടും മററും വേണ്ടാ.പണിക്കരൊടാളെ അയക്കാൻ.

പണി—അതുകൊണ്ടല്ല വിശേഷിച്ചൊന്നുമില്ലല്ലൊ എന്നു ചോദിച്ചുന്ന് മാത്രം. അങ്ങിനെയല്ലെ സാധാരണ പതിവ്. പിന്നെ ശാസ്ത്രംതന്നെ ആ ലോഗ്യത്തെ സ്ഥാപിക്കുന്നുമുണ്ട്.

ചാത്തു-അതുശരി. പക്ഷെ അവിടുന്ന് പോരുമ്പോഠംതന്നെ പറഞ്ഞിരിക്കുന്നു.

പണി-എന്ത്.

ചാത്തു-വിശേഷിച്ചൊന്നുമില്ല എന്നു പറഞ്ഞാ പണിക്കർ വരില്ല എന്ന്.

പണി-(ആലോചിച്ചുംകൊണ്ട്) ഓഹൊ ശരിതന്നെ എനിക്കടിയന്തരമായികോഴിക്കോട്ടോളം ഒന്നു പോണല്ലൊ. നാളെ നെരത്തെ വന്നാൽ പോരെ.

ചാത്തു-അല്ല ഞാൻ അതു പറഞ്ഞതുതന്നെ പിഴച്ചൊ. ഏതായാലും നിങ്ങഠം വരാതെ കഴിയില്ല. കാൎയ്യം അടിയന്തരമാണ്. അവക്കൊക്കെ ഇന്നു വൈകുന്നേരംതന്നെ പോണം.

പണി-ആക്കൊക്കെ.

ചാത്തു-സബ്ബ്ജഡ്ജി രാമൻമെന്നും അദ്ദേഹത്തിൻെറ അളിയൻ കുഞ്ഞികൃഷ്ണമേനോൻ തുക്ടിസായിവിനും.

പണി-എന്താ ഇത്ര അടിയന്തരം.

ചാത്തു-എന്തൊ ഒന്നുരണ്ടു ജാതകം നോക്കാനുണ്ടത്രെ.

പണി-സ്ത്രീജാതകൊ പുരുഷജാതകൊ എന്നറിഞ്ഞുവെണ്ടെ ശകുനം നോക്കാൻ.

ചാത്തു-രണ്ടും വേണ്ടിവരും എന്നാണുതോന്നുന്നത്.

പണി-(വിചാരം) ആ വിവാഹംതന്നെ ആയിരിക്കും (വെളിവായിട്ട്) എന്നാൽ വേഗത്തിൽ പോയിവന്നതിൻെറ ശേഷമാവാം കോഴിക്കോട്ടെക്കുള്ള പോക്ക്. വൈകുന്നേരം ഒരു വണ്ടിയുണ്ടല്ലൊ.നമുക്കുപോക(രണ്ടാളുംപോകുന്നു)

II

(ഗൗരീവിലാസത്തിൻെറ പൂമുഖത്ത് ഗോവിന്ദമെന്നും സബ്ജഡ്ജി രാമൻമെന്നും, ഡിവിഷനൽ ഓഫീസർ കുഞ്ഞികൃഷ്ണമെന്നും .ചാരുകസെലകളിൽ കിടന്നുകൊണ്ടു പ്രവേശിക്കുന്നു.)

ഗൊ. മ-എന്താ, ചാത്തു ഇനിയും വന്നില്ലല്ലൊ. പണിക്കർ ഇല്ലായിരിക്കൊ

(സംശയഭാവം നടിച്ചുകൊണ്ട്) ഉണ്ടാവും. ഇല്ലെങ്കിൽ അവൻ വരേണ്ട സമയമായല്ലൊ.

രാ. മെ-പണിക്കരെ കാത്തിരിക്കുകയു മൊന്നുമില്ലെരിക്കാം.

ഗോ. മേ-യെ! ഇല്ല. അവിടെ ഉണ്ടാവും. ഇപ്പോൾ എത്തും (പണിക്കരും ചാത്തുവും പ്രവേശിക്കുന്നു. പണിക്കർ മുണ്ട് കക്ഷത്തുവെച്ച് ഇടത്തെ കയ്യിൽ ഓലക്കുടയും വലത്തെകയ്യിൽ ചെരുപ്പും പിടിച്ച് തൊഴുത് കുമ്പിടുന്നു.)

ഗോ. മെ. എന്താ പണിക്കരെ കണ്ടിട്ട് കാലം കുറെ ആയല്ലൊ.

പണി. ഉവ്വ് കഴിഞ്ഞാഴ്ച മെലെടത്തു വന്നു പോകുമ്പോൾ കണ്ടതാണ്.

രാ. മെ. അതിത്രയധികം കാലമായൊ.

പണി. അതെല്ലാം മനസ്സിൻെറ സ്ഥിതി പോലിരിക്കും "സങ്കല്പകല്പിതമല്ലീസ വ്വം" എന്നല്ലെ പറഞ്ഞിരിക്കുന്നത്.

ഗൊ. മെ:—ആട്ടെ പണിക്കർ കാല്കഴുകു; കുറച്ചു ചിലതെല്ലാം നോക്കാനുണ്ട്.

(പണിക്കർ കാൽകഴുകിവന്ന് പുൽപായിൽ ഇരുന്ന് കവിടിസ്സഞ്ചി താഴെ വെക്കുന്നു.)

ഗൊ. മെ:—ചാത്തൊ, പണിക്കക്ക് ഒരു കോപ്പ ചായ കൊണ്ടുവന്ന് കൊടുക്ക്.

പണി:—ചായക്കല്ലല്ലൊ ബദ്ധപ്പാട്; അടിയന്തരകാൎയ്യം വല്ലതുമുണ്ടെങ്കിൽ അതു കഴിഞ്ഞിട്ടല്ലെ ചായയും മററും. രാശിവേണൊ ?

ഗോ, മെ; വേണം.

പണി:—വെറും വയറോട്ടക്രുടിയ രാശിക്ക് ഫലംക്രൂടും.

ഗോ-മെ:—ഓഹൊ അപ്പോൾ പണിക്കർ രാവിലെ ഒന്നും കഴിച്ചിട്ടില്ലെ.

പണി:—ഇല്ല രാമൻനായർ വന്നപ്പോൾ ഞാൻ കുളിച്ചുവരുന്നെ ഉണ്ടായിരുന്നുള്ളൂ. കാൎയ്യം അടിയന്തരമാണെന്ന് പറഞ്ഞതിനാൽ കഞ്ഞിക്കൊന്നും കാത്തില്ല. കുറിതൊട്ട് ഇങ്ങോട്ടുപോന്നു. ഏതായാലും രാശി കഴിയട്ടെ; നക്ഷത്രവും നാമധേയവുമൊക്കെന്തൊവൊ

ഗൊ.മെ:—നക്ഷത്രം തിരുവാതിര, പേര് ഗൌരീന്ന്

പണി:—ഭവനം?

ഗൊ-മെ:—ഇതുതന്നെ.

പണി:—നല്ലവണ്ണം പ്രാൎത്ഥിക്കുക.

ഗൊ. മെ:—അങ്ങിനേ (നിലത്തിറങ്ങിധ്യാനത്തിൽ തൊഴുതുകൊണ്ടിരിക്കുന്നു.)

പണി:—(കവിടി ചുററിക്കൊണ്ട് ഹരിശ്രീഗണപതയെനമ: അവിഘ്നമസ്തു ശ്രീഗുരുഭ്യോനമ: സൂൎയ്യായനമഃ (ക്രമേണകേൾക്കാതായി വീണ്ടും ഉച്ചത്തിൽ) ഗൗരീഭവന സ്ഥിതയാ തിരുവാതിര നക്ഷത്രജാതയാ ഗൗരീനാമധെയാന്വിത ലഗ്നത്തിൻെറ സൎവ്വഗുണദോഷ വിചിന്തനകളും തെളിഞ്ഞ രാശി വരട്ടെ. എൻെറ ഭരദേവതെ (ഇടത്തെ കൈ മാററുവെക്കുന്നു) സുബ്രഹ്മണ്യരെ (ഒരു പിടി കവടിവാരിനിരത്തുന്നു. പെട്ടെന്ന് ഒരുമാപ്പിള പ്രവേശിക്കുന്നു. ഗോവിന്ദമെനൊൻ ധ്യാനത്തിൽ തന്നെ ഇരിക്കുന്നു.) മാപ്പിള (മറവിൽ നില്ക്കുന്ന ചാത്തുനായരെ മാടിവിളിക്കുന്നു; ഏ. ഏ. നായരെ; എടാനായരെ ചാത്തുനായർ അടുത്തുചെല്ലുന്നു.)

മാ:— (മറവിലേക്ക് മാറിനിന്നിട്ട്) ഏമാന്നെ ഇപ്പോ ഒന്ന് കാങ്ങാൻ കയ്യൊ.

ചാത്തു:—യ്യെ കഴിയില്ല.

മാ:— അലവി വന്നിരിക്കിന്നീന്ന് ഒന്ന് ചെന്ന് പറീൻ.

ചാ:— എന്നെക്കൊണ്ടാവില്ലപ്പാ.

മാ:— അപ്പഴത്തിന് നായരെ ഒരു വീഴ്യം. ഞമ്മക്കറിഞ്ഞൂടെ നിങ്ങളെളാക്കെ. ആട്ടെ ങ്ങള് ഞെമ്മെന്റെ അരുത്തുംവരും. അന്ന് കാണിച്ചരാം.

ചാ:—(വിഷമത്തിലായ ഭാവം നടിച്ച് വിചാരം) എന്താ ചെയ്യണ്ടതീശ്വരാ ഇവനാണെങ്കിൽ മഹാകേടി. മൂപ്പരോട് ഇപ്പോൾ ചെന്നു പറഞ്ഞാൽ ചാട്ടം ചെയ്യും.

പണി:—രാശി മിഥുനം. കക്കിടകത്തിൽ ചൊവ്വ. ചിങ്ങത്തിലാരുമില്ല. കന്നി ഗുരു ശുക്രൻ കെതു. തുലാത്തിൽ ബുധൻ. വൃശ്ചികത്തിൽ ഗുളികൻ. ധനുവിലാദിത്യൻ, ചന്ദ്രൻ. മകരമൊഴിവ്. കുംഭത്തിലാരുമില്ല. മീനത്തിൽ രാഹു. മേടം എടവം ശുദ്ധിവന്നു. ആകപ്പാടെ രാശി തരക്കേടില്ല. പക്ഷെ നിമിത്തം വളരെ നന്നായില്ല.

ഗൊ. മെ:—എന്താ.

പണി:—"ബൗദ്ധാഗമ അബദ്ധം സൂചയതി" എന്നാണല്ലൊ പ്രമാണം.

ഗൊ. മെ:— അതായത്.

പണി:—ബൗദ്ധന്റെ ആഗമം അബദ്ധത്തെ സൂചിപ്പിക്കുന്നു എന്നാണ് ഹൊരാചാൎയ്യർ പറഞ്ഞിരിക്കുന്നതു്.

ഗൊ. മെ:—അപ്പോൾ ഇവിടെ ബൗദ്ധൻ വന്നുവൊ?

പണി:—ഉവ്വ്. അവിടെയുണ്ടെന്നു തോന്നുന്നു. (അലവി നില്ക്കുന്നെടത്തെക്ക് ചൂണ്ടികാണിക്കുന്നു)

ഗൊ. മെ:—ചാത്തൊ ആരാത്.

ചാ:—അലവി.

ഗൊ. മെ:—അപ്പൊഴെക്കു എവിടന്നു വന്നു. വേണമെങ്കിൽ മഷിവെച്ചു നോക്കിയാൽ കാണില്ല. വേണ്ടാത്തെടത്തെല്ലാം റഡിക്കെത്തും. അലവി എന്താടാ പോന്ന്.

അല:—(ചുമലിലെ മുണ്ടെടുത്ത് മുന്നോട്ടു വരുന്നു) എമാന്നെ ഒന്നു കാണാൻ തന്നെ.

ഗൊ. മെ:—എന്താ വിശേഷിച്ചൊന്നുമില്ലല്ലൊ.

അല:—സ്വകാൎയ്യമായിട്ട് ച്ചീരോളം പറയാനുണ്ടായിരിന്നീ.

ഗൊ. മെ:—പണിക്കരെ ഞാൻ ഇപ്പോൾ വരാം. (എഴുന്നെററ് അലവിയുടെ അടുത്തു ചെന്ന് രണ്ടാളും മറവിലെക്ക് പോകുന്നു) എന്താ വിശേഷിച്ച്.

അല:—തുക്ടിസായ്പ് ഈടെ മെന്നിരിക്കിണീന്ന് കെട്ടീ ഞമ്മന്റെ കെസ്സിനെപ്പററി ഒന്നു പറാൻമെണ്ടിയാ ഞെമ്മൻ വന്നത്.

ഗൊ. മെ:—അടികലശൽ കെസ്സൊ.

അല:—അതെ. ഏമാൻ ഒന്നു കെണഞ്ഞാൽ ഞെമ്മെൻ കുടങ്ങാണ്ടെ കഴിയും.

ഗൊ. മെ:—കുഞ്ഞികൃഷ്ണമേനൊൻ ശിപാൎശി എടുക്കുന്ന ഒരാളല്ല. ആട്ടെ ഇപ്പോൾ കുറച്ചു തിരക്കാണ്. ഞാൻ പിന്നെ പറഞ്ഞുനോക്കാം. നിയ്യ് ഇപ്പോൾ പൊയ്യോളാ.

അല:—അള്ളാന്റെ കൃപഉണ്ടായിട്ട് എമാൻ നന്നായ് വരും. ഈ സാധു ഞമ്മനെ ഒന്നു രച്ചിച്ചാൽ. എന്നാൽ ഞമ്മെൻ കിയെട്ടെ. (പോകുന്നു)

ഗൊ. മെ:—(കസെലമെൽ ഇരുന്ന്) പണിക്കരെ പറയാം.

പണി:—അതുകൊണ്ട് കാൎയ്യസാദ്ധ്യത്തിന്നു വളരെ വിഘ്നമുണ്ട്.

രാ. മെ:—ആട്ട്യം കാൎയ്യമെന്താ പറയൂ. എന്തു കാൎയ്യമായാലും തകരാറുണ്ടാവ്വൊ? മാപ്പിളെക്കൊണ്ടുള്ള കാൎയ്യമാണെങ്കിലൊ?

പണി: എന്തു കാൎയ്യമായാലും വിഘ്നംനേരിടുമെന്നുതന്നെ വേണം പറയാൻ. പിന്നെ കാൎയ്യം രാശി വിളിച്ചുപറയുന്നുണ്ടല്ലൊ?

രാ. മെ:—എന്താ കേൾക്കട്ടെ.

പണി:—ധനുവിൽ ആദിത്യ ചന്ദ്രന്മാർ വന്നാൽ വിവാഹാവസരത്തെയാണ് ഊഹിക്കേണ്ടത്. അതുകൊണ്ടു വിവാഹം തന്നെയാണ് കാൎയ്യം എന്നു വെളിവാകുന്നുണ്ട്.

രാ. മെ:—(To Govinda Menon & Kunhikrishna Menon) Wonderful is the accuracy of this science and it seems this man is well versed in it. See how easily he found out the truth.

ഗൊ. മെ:—It is wellknown that he is very clever in ജ്യോതിഷം.

പണി:—(വിചാരം) ഇവൎക്ക് വിശ്വാസം വന്നുകഴിഞ്ഞു എന്നു മുഖം പറയുന്നുണ്ട്. ഇനി ദിവാൻ മാധവമെന്റെ ഭാൎയ്യ പറഞ്ഞത് ഫലിപ്പിക്കാൻനോക്കാം. (വെളിവായിട്ട്) രാശിയിൽതന്നെ ഗുളികന്റെ സ്ഥിതി നന്നായിട്ടില്ല.

ഗൊ. മെ:—നന്നായില്ല എന്നുവെച്ചാൽ തുറന്നു പറയൂ. പണിക്കരുടെ കയ്യിലാണ് കാൎയ്യമൊക്കെ കിടക്കുന്നത്.

പണി:—അതു കൊണ്ടു തന്നെയാണല്ലൊ സംശയത്തോടുകൂടി പറയുന്നത്. വല്ലതും പറഞ്ഞ് വിവാഹം നടത്തിച്ച് വല്ല അപകടം വന്നാൽ അതു അന്നു പണിക്കർ പറഞ്ഞില്ലല്ലൊ എന്നു പറയാൻ ഇടവരുത്തരുതെ എന്നാണ് എന്റെ ഗുരുകാരണവന്മാരോടുള്ള പ്രാൎത്ഥന. "വൃശ്ചികെ ഗുളികാഃ മൃത്യുവാച" എന്നാണ് പ്രമാണം.

ഗൊ. മെ:—എന്ത് മൃത്യുവൊ.

പണി:—പരിഭ്രമിക്കേണ്ട. വൃശ്ചികത്തിൽ ഗുളികൻ വന്നാൽ മൃത്യുവാണ് ലക്ഷണം എന്നു ഹൊരാചാൎയ്യർ പറഞ്ഞു. അപ്പോൾതന്നെ മറെറാരു മുനി എന്തു പറയട്ടെ. രാശി എന്തുദ്ദേശിച്ചു വെച്ചുവൊ ആ ഉദ്ദേശം നടന്നാൽ മാത്രമെ മരണം സംഭവിക്കുകയുള്ളൂ എന്ന്. അതുകൊണ്ടു വിവാഹം നടന്നില്ലെങ്കിൽ ആ ലക്ഷണത്തെ തള്ളികളയാം.

രാ. മെ:—എന്തിനാ ബുദ്ധിമുട്ടുന്നത്. എനി ജാതകമൊന്നും നോക്കണ്ട. കുട്ടികളെ കഷ്ടത്തിലാക്കാൻ ഞാൻ വിചാരിക്കുന്നില്ല.

(ഒരു താടിക്കാരൻ ഭിക്ഷു പ്രവേശിക്കുന്നു)

ഭിക്ഷു:—ജാലവിദ്യകളെല്ലാം ഇരിക്കറത്. ഒന്നാടട്ടുമാ.

ഗൊ. മെ:—അന്തപ്പുറം പൊ (എന്ന് വടക്കെപുറത്തെക്കു ചൂണ്ടികാണിക്കുന്നു. കൎട്ടൻ താഴുന്നു. ഭിക്ഷു വടക്കെപുറത്തു പ്രവേശിക്കുന്നു.)

ഭിക്ഷു:—(മാധവിഅമ്മ അമ്മെമാട്ടു പറഞ്ഞല്ലൊ കുട്ടി കണ്ടാൽ വളരെ മോശമാണെന്നും മററും. അത്ര മോശമാണെങ്കിൽ അച്ഛൻ അതിന്നു ശ്രമിക്കൊ. ആട്ടെ ജാലവിദ്യ ഒന്ന് പ്രകടിപ്പിച്ചുകളയാം. അപ്പോൾ ഗൗരി എന്നല്ല എല്ലാവരും പുറത്തുവരും. നന്നൊ ചീത്തയൊ എന്ന് എനിക്കുതന്നെ തീർച്ചയാക്കാലൊ. മാധവിഅമ്മയുടെ സംസാരത്തിൽ ആയമ്മയുടെ മകളെ വിവാഹം ചെയ്യുന്നത് തരക്കെടില്ല എന്നു സൂചിപ്പിച്ചതിനാലാണ് എനിക്ക് സംശയം. ആട്ടെ ആരെയും കാണുന്നില്ലല്ലൊ.) വെളിവായിട്ട്; അമ്മാ ഏ അമ്മാ ഏ അമ്മാ.

മിനാക്ഷിഅമ്മയും ഗൗരിയും രണ്ടു ചെറിയ കുട്ടികളും പ്രവേശിക്കുന്നു.

ഗൌ:— നീയാണൊ പൂമുഖത്തവന്ന് ജാലവിദ്യയറിയും എന്നു പറഞ്ഞത്.

ഭിക്ഷു:—(വിചാരം) ഗോവിന്ദമേനന് ഒരു മകളല്ലെ ഉള്ളു. അതുകൊണ്ടു ഗൌരി ഇവൾതന്നെയായിരിക്കണം. ഇവൾ സർവ്വാംഗസുന്ദരിയാണല്ലൊ. ആട്ടെ വാസ്തവം മനസ്സിലാക്കാം (വെളിവായിട്ട്) ആമാം. കൊഞ്ചം കൊഞ്ചമെല്ലാം തെരിയും.

ഗൌ:—അമ്മെ ഒന്നു കാണിക്കട്ടെ അല്ലെ

മീ. അ. പൂമുഖത്തെ വൎത്തമാനം മുഴുവൻ അറിഞ്ഞില്ല. നടക്കില്ല എന്നു കേട്ടു എന്തൊക്കെയാണാവൊ നിനക്കിപ്പൊളെന്താ ശിവദാസനല്ലെങ്കിൽ വിഷ്ണുദാസൻ ഞങ്ങൾക്കല്ലെ ഭാരമൊക്കെ.

ഗൌ—അതൊക്കെ പോട്ടെ. തമാശകണ്ടാൽ മനസ്സിന്നുള്ള സുഖക്കേടൊക്കെ മാറും. ഒന്നു കളിക്കാൻ പറയൂ.

മീ.അ. കളിച്ചോട്ടെ, പക്ഷെ ഞാൻ പോകയാണ്. പൂമുഖത്തെ വൎത്തമാനം കേൾക്കട്ടെ. എനിക്കതാണ് വലിയത്; (പോകുന്നു കുറച്ചുദൂരം പോയിട്ട് വിളിച്ചു പറയുന്നു) ഗൗരീ ഉണ്ണി വീഴുന്നത് സൂക്ഷിക്കണെ.

ഗൗ- ആ (ഭിക്ഷുവിനോടു) ഒന്നുരണ്ട് വിദ്യ കാണിക്ക്.

ഭിക്ഷു-(വിചാരം) ഇവൾതന്നെയാണ് ഗൗരി സംശയമില്ല. (ഭാണ്ഡമഴിച്ച് ചെപ്പും പന്തും പുറത്തെടുക്കുന്നു.) പാരുങ്കൊ, എങ്കയ്യിലെന്ന. (കൈകാണിച്ചുകൊട്ടുക്കുന്നു.)

ഗൗ. ഒരു ചെറിയ പന്ത്.

ഭിക്ഷു: ഒരു ചിന്ന പന്തിരുക്കറത്. ചിന്നതാനാലും ഇന്ത പന്ത് കണ്ണിലെ പോകാത്. കാതിലെ പോകാത്. മൂക്കിലെ പോകാത്. പോട്ടും അത് വായിലെ പോട്ടും (എന്ന് വായിൽ ഇടുന്നു.) കൈ മടക്കി വെച്ചിരിക്കുന്നു. ഇപ്പൊഴത് പന്തെങ്കെ.

ഗൗ-വായിൽ.

ഭിക്ഷു-സൂക്ഷിച്ചു പാരുങ്കൊ. പന്ത് എൻ കയ്യിലെ ഇരിക്കാത് (കൈ കാണിച്ചു കൊട്ടുക്കുന്നു.)

ഗൗ-ഇല്ല.

ഭിക്ഷു-പിന്നെ എങ്കെ.

ഗൗ-വായിൽ.

ഭിക്ഷു-ഇല്ലൈ. വായിൽ ഇല്ലൈ. പാരുങ്കൊ. വായിലെങ്കെ. (എന്ന് വായ്പിളക്കുന്നു.)

ഗൗ—ഇല്ല.

ഭിക്ഷു—പിന്നെങ്കെ. ശൊല്ലങ്കോ.

ഗൗ—എനിക്കറിഞ്ഞുക്രൂടാം.

ഭിക്ഷു—ജാലവിദ്യയാലെ അന്തപന്ത് എൻകണ്ണിലെ പോച്ചിത്. വാരങ്കൊ എടുത്തുകൊടുപ്പാൻ. (പന്ത് കണ്ണിൽനിന്നെടുക്കുന്നു. കുട്ടികളെല്ലാവരും ചിരിക്കുന്നു.)

മീ. അ—(ബദ്ധപ്പെട്ടു ഓടിവരുന്നു) ശിവദാസനെ കാണ്മാൻ ഇല്ലെന്നു ഒരു കമ്പി വന്നിരിക്കുന്നു. അവരെല്ലാവരും പുറപ്പെട്ടുകഴിഞ്ഞു (ഭിക്ഷുയൊഴികെ മറെറല്ലാവരും വ്യസനഭാവത്തോടെ അകത്തെക്കു പോകുന്നു.)

ഭിക്ഷു—(വിചാരം) കാര്യമൊക്കെ മനസ്സിലായി. ഇവിടെ ജാലവിദ്യ പ്രകടിപ്പിക്കണം. പണിക്കരുടെ ക്രൂടെ പോകതന്നെ (പോകുന്നു)

IV

(പണിക്കരും സന്യാസിയും പ്രവേശിക്കുന്നു.)

പണി—എന്നാൽ ഞാൻ ഇങ്ങോട്ടു വെക്കട്ടെ.

ഭിക്ഷു—ഇതാരുടെ വീടാണ്.

പണി—ദിവാൻ മാധവമെൻെറ

ഭിക്ഷു—ഓഹൊ. അദ്ദേഹം നല്ല ദാനശീലനാണെന്നു കേട്ടിട്ടുണ്ട്. നമ്മുടെ വിദ്യയുംകൊണ്ടുപോയാൽ വല്ലതും കിട്ടും.

പണി—കിട്ടും. പക്ഷെ നിങ്ങറം ഞാൻ പോയി കുറച്ചുകഴിഞ്ഞാൽ വന്നാൽമതി. (പണിക്കർ പോകുന്നു.)

ഭിക്ഷു—അങ്ങനെ (കുറച്ചു അവിടെ നിൽക്കുന്നു. വിചാരം) നേരംവൈകി വണ്ടിക്കു സമയമായി. ഈ വണ്ടിക്കുതന്നെ പോകാഞ്ഞാൽ തകരാറുണ്ട്. (പോകുന്നു)

(സബ്ജഡ്ജി രാമൻമെന്നും ദിവാൻ മാധവമെന്നും പ്രവേശിക്കുന്നു.)

രാ. മെ—ഈ കുറിയെങ്കിലും ജാതകം ഒത്തല്ലൊ. കോടതി തുറക്കുന്നതിന്നുമുമ്പുതന്നെ കഴിഞ്ഞൊട്ടെ. തുറക്കുന്നതിന്നു രണ്ടുദിവസം മുമ്പു അവനു മദിരാശിക്കു പോണം. നടാടെ പ്രാക്ടീസ്സ് തുടങ്ങുകയല്ലെ. അവിടെപ്പോയി പല പ്രവൃത്തികളും ഉണ്ടാകും.

മാ. മെ—The Sooner the better ഈ മാസം 20-ാംനു- നല്ല മുഹൂർത്തമുണ്ട്. ഇന്നഞ്ചല്ലെ ആയില്ലു. Preparation ന് പതിനഞ്ചു ദിവസമുണ്ടല്ലൊ.

രാ. മേ—മതി അതു ധാരാളംമതി. അവൻ പുറത്തെക്കെങ്ങെട്ടോ പോയിരിക്കുന്നു. വന്നാൽ പറയാം.

മാ. മെ—എന്നാൽ ഞാൻ ഇപ്പോറംപോട്ടെ. വണ്ടിക്കു സമയമായി. Therefore Good bye We shall meet on the 20th.

രാ. മെ If God Wills, Good bye(മാ. മേനോൻ പോകുന്നു) (ശിവദാസൻ പ്രവേശിക്കുന്നു. ശിവാ marriage 20 ാം തിയ്യതിക്കുറച്ചു. എനി Invitation Cards ഒക്കെ തെയ്യാറാക്കിക്കോളു.

ശിവ—ആരുടെ Marriage.

രാ. മേ- നിൻെറ.

ശിവ—ഓഹൊ ആരോട്ടുക്രൂടി.

രാ. മേ—മാധവമേൻെറ മകളോട്ടുക്രൂടിതന്നെ.

ശിവദാ-ആട്ടെ നന്നായി. പിന്നെ വിശേഷിച്ചൊന്നുമില്ലല്ലൊ. Cards ഒക്കെ

തയ്യാറാക്കിക്കളയാം. (രാ. മേ. പോകുന്നു. (ആത്മഗതം)ആട്ടെ. ദിവാനെയും ഭാൎയ്യയേയും ഇതിന്നൊന്നു പററിക്കാതെ കഴിയില്ല. Invitation ഒക്കെ അയക്കട്ടെ. നല്ല കണക്കിൽ ഒന്നു പററിക്കണം. അതിന്നുള്ള വഴി ഞാൻ കണ്ടിട്ടുമുണ്ട്. അത്ര സാമൎത്ഥ്യം പാടില്ലല്ലൊ. ഇത് സാമൎത്ഥ്യമല്ല ദുസ്സാമൎത്ഥ്യമാണ്. പണിക്കരെയും പണിക്കത്തിയാരെയും സ്വാധീനം വെക്കല് കാണിച്ചുകൊടുക്കാം. പണത്തിന്നുംമീതെ പരുന്തും പറക്കില്ലാ എന്നാണ് അവരുടെ പൂൎണ്ണധാരണ. ഇനി മററാരാളെ ചതിക്കാനിടവെക്കരുത്. ഏതായാലും Press ൽ പോയി Cards Print ചെയ്യിക്കട്ടെ. (പോകുന്നു.)

V

(രാമൻമേനോൻറമുററത്തുള്ള വിതാനിച്ച പന്തലിൽ ക്ഷണിച്ചു വരുത്തിയ യോഗ്യന്മാർ ഇരിക്കുന്നു. രാമൻമേനോൻ പ്രവേശിക്കുന്നു )

രാ. മേ-ശിവദാസൻ ഇന്നാലെ കോഴിക്കോട്ടേക്ക പോയതാണ്. വൈകുന്നേരംതന്നെ വരാം എന്നാണ് പറഞ്ഞത്. ഇന്നാലെ വന്നില്ല. ഇന്നു രാവിലത്തെ വണ്ടിക്കും കണ്ടില്ല. വിവരം മാധവമേനൊ അറിയിക്കാൻ കത്തുംകൊടുത്ത് കാറിൽ ആളെ അയച്ചിട്ടുണ്ട് കുറച്ചുകാലമായി അവന്ന് ചാടിപ്പോകാൻ ഒരു വാസന കടന്നുകൂടീട്ടുള്ളതിനാലാണ് ഭയം.

ഒരാൾ. വല്ല സ്നേഹിതനേയും കണ്ടിട്ടുണ്ടാവും. രണ്ടാംക്കും കൂടി മെയിലിന്ന് വരാം എന്നു കരുതീട്ടുണ്ടാവും. കാൎയ്യങ്ങൾക്കൊക്കെ He knows that you are here.

രാ. മേ-അതെതെ. ഇവൻ ഇങ്ങിനെ മനസ്സിന്നു സുഖമില്ലാതെ ബുദ്ധിമുട്ടുക. (ശിവദാസൻ ഗൗരിയുടെ കൈപിടിച്ച് ഗോവിന്ദമേനോനോടുകൂടി പ്രവേശിക്കുന്നു. എല്ലാവരും അന്ധാളിച്ചുനില്ക്കുന്നു.) എന്താ ഇതുകഥ നിനക്കെന്തോ താക്ക വല്ല സുഖക്കേടുമുണ്ടൊ?

ശിവ-ഇല്ല. യാതൊരു സുഖക്കേടുമില്ല. അതുകൊണ്ടാണ് ഇതൊക്കെ സാധിച്ചത്.

ഗോ. മേ (ശിവദാസനോട്) അച്ഛന് കാൎയ്യമൊന്നും മനസ്സിലായിട്ടില്ലാത്തതുകൊണ്ടാണ് പരിഭ്രമം. വാസ്തവം പറഞ്ഞുകൊടുക്കൂ.

രാ. മേ-എന്താ പറയൂ.

ശിവ-എന്നെ കാണാത്ത വിവരം മാധവമേനൊ അറിയിച്ചിട്ടുണ്ടൊ?

രാ. മേ-കാറുകൊടുത്താളെ അയച്ചിട്ടുണ്ട്. അദ്ദേഹത്തോടുതന്നെ ഇത്രത്തോളം വരാൻ എഴുതീട്ടുണ്ട്

ശിവ-എന്നാൽ ആ കള്ളൻ ഇപ്പോൾഎത്തും. അന്ന് അമ്മയും മാധവിഅമ്മയും തമ്മിലുണ്ടായ സംസാരത്തിൽ നിന്ന് ആയമ്മക്ക് ഞാൻ ഗൗരിയെ വരിക്കുന്നത് മുടക്കേണമെന്നും, തൻെറ മകളെ മെല്ലെ എൻെറ കഴുത്തിലിടേണമെന്നും ഉള്ളതായ ഉദ്ദേശങ്ങളുണ്ടെന്നും ഞാൻ ഏതാണ്ടു ഗ്രഹിച്ചു. സ്ത്രീകൾ തങ്ങളുടെ കാൎയ്യസാദ്ധ്യത്തിന്നായി എന്തും ചെയ്യാൻ മടിക്കില്ലാ എന്ന് നമുക്കെല്ലാവൎക്കും അറിയാമല്ലൊ. അതു

കൊണ്ട് മാധവിഅമ്മ ഞാൻ ഗൗരിയെ വിവാഹംചെയ്യുന്നതുമുടക്കാൻസർവ്വവിദ്യകളും പ്രയോഗിക്കും എന്നെനിക്കറിയാം. അതു കണ്ടുപിടിക്കണം എന്ന് വിചാരിച്ചിട്ടാണ് ഞാൻ അച്ഛനും അമ്മാമനും ഗൗരീവിലാസത്തിൽ പോയപ്പോൾ ഒരു താടി നീട്ടിയ ഭിക്ഷുവിന്റെ വെഷത്തിൽ അവിടെ വന്നത്. പണിക്കർ അവിടെ നിന്ന് നേരിട്ടു പോയത് മാധവമെനന്റെ വീട്ടിലേക്കായിരുന്നു. മാധവിഅമ്മ അയാളെ വേണ്ടുന്നതിലധികം നിഷ്കൃഷ്ടയോടുകൂടി സ്വീകരിക്കുന്നതും മററും കണ്ടപ്പോൾ പണിക്കർ നമ്മെ പററിച്ചു എന്ന് ഞാൻ തീച്ചയാക്കി. ഉടനെ തുടങ്ങിയ അവരുടെ ശ്രമം അതിന്നു ഒരു ബലമായി സാക്ഷിയുമായി കലാശിച്ചു. എന്നാൽ അവരെ ഒന്ന് നല്ലവണ്ണം പഠിപ്പിച്ചെ വിടു എന്ന് ഞാനും തീച്ചയാക്കി ഒരു നല്ല ജാലവിദ്യ പ്രയോഗിച്ചു. മാധവമെനന്റെ മകൾക്കു പകരം ഗോവിന്ദമേനന്റ മകളെ കൊണ്ടുപോന്നു. കാണട്ടെ അവരുടെ പണത്തിന്റെ ഊക്ക്. ആ കള്ളപ്പണിക്കരുടെ നാവരിഞ്ഞു ചുടണം. ഇതാണ് ഉണ്ടായ വാസ്തവം.

കുഞ്ഞികൃഷ്ണമേനോൻ. ഭാഗ്യം ശിവന്റെ നല്ലകാലം എന്നല്ലാതെ ഞാനൊന്നും പറയാൻ കണ്ടില്ല. ആ പണിക്കർ കളവുപ്രയോഗിക്കുന്നുണ്ടൊ എന്ന് എനിക്ക്അന്നുതന്നെ സംശയമുണ്ടായിരുന്നു. പക്ഷെ എന്താ ചെയ്യാ. ആയാളുടെ പ്രമാണങ്ങളും മററും കെട്ട് മൂളുകയല്ലാതെ മാർഗ്ഗമില്ലല്ലോ. ഇപ്പോഴത്തെ വിദ്യാഭ്യാസരീതി അങ്ങിനെ ആയില്ലേ. നമ്മുടെ സാഹിത്യമാകുന്ന വിശിഷ്ടസംസ്കൃതത്തെ തീരെ ത്യജിച്ച് അന്യഭാഷമാത്രം പഠിക്ക എന്നായില്ലെ? നമ്മുടെ സംസ്കൃതത്തോടുള്ള നിന്ദക്ക് തക്കഫലം കിട്ടി. കുറച്ചു സംസ്കൃതം നിശ്ചയമുണ്ടായിരുന്നെങ്കിൽ ഈ അബദ്ധം നേരിടുമായിരുന്നൊ. ഇനി മുതിന്നവരുന്ന കുട്ടികളെയെങ്കിലും സംസ്കൃതം പഠിപ്പിക്കാതിരുന്നുകൂടാ എന്നാണ ഞാൻ ഇതിൽ നിന്ന് മനസ്സിലാക്കിയത്" (മാധവമേനോൻ പരിഭ്രമിച്ചു കൊണ്ട് പ്രവേശിക്കുന്നു).

രാ. മെ: എന്താഹെ നിങ്ങളാള് വേണ്ടില്ലല്ലോ. നിങ്ങളുടെ പണത്തിന്റെ തിളപ്പ്അധികമായല്ലൊ. പണിക്കരെയും പണിക്കത്തിയാരേയും പണംകൊടുത്ത് സ്വാധീനിച്ചത് ആരും അറിയില്ലാ എന്നു വിചാരിച്ചു; അല്ലെ, നിങ്ങളുടെ പെണ്ണിന്ന് വേറെ ആരെയെങ്കിലും നോക്കിക്കൊള്ളു. മാധവമേനോൻ മോഹാലസ്യപ്പെട്ടുവീഴുന്നു.) ശിവാ ഗൗരിയെ അകത്തേക്ക് കൊണ്ടുപോക. (അവർ പോകുന്നു. മാധവമേനോൻ ബോധം തെളിഞ്ഞ് നോക്കുന്നു.) ഈയാളെ എടുത്ത് കാറിൽ കൊണ്ടുപോയി വെക്കട്ടെ; ഇപ്പോൾ തന്നെ അങ്ങോട്ട് എത്തിച്ചെക്കണം. (മാധവമെന്നെ എടുത്ത് കൊണ്ടുപോകുന്നതോടുകൂടി എല്ലാവരും പോകുന്നു.)

കെ. പി. അച്യുതമേനോൻ.
(വിദ്യാർത്ഥി)

# സാമൂതിരി കോളേജിനോട്.

(വഞ്ചിപ്പാട്ട്.)

കാമവൈരിഭഗവാൻെറ കടാക്ഷലക്ഷങ്ങളേററ
സാമൂതിരികോളേജെ! നീജയിക്കമേന്മേൽ
കേരളമാതാവുചാൎത്തും ചാരുതരതിലകമേ!
കേരളീയൎക്കാകെയഭിമാനത്തിടമ്പേ!
കുന്നാലേശൻതന്നുടയനാമധേയധാരണത്താൽ
മന്നിലേററം പേരുകേട്ട മനോജ്ഞശീലേ!
കുക്കുടക്രോഡദേശത്തിന്നൊക്കെവിജ്ഞാനദീപമേ!
പുഷ്കലപുണ്യങ്ങൾക്കൊരു പുതുപ്പിറപ്പേ!
ദ്രാവിഡശ്രീകയ്യിലേന്തും പഞ്ചവൎണ്ണക്കിളിക്കുഞ്ഞേ!
പാവനവിദ്യകൾക്കൊരു വിളനിലമേ!
ശിഷ്യധനപൂൎണ്ണയാംനിൻ ചിത്തതാരിലിത്ഥമുള്ളോ
രത്തലെത്താൻ നിമിത്തമെന്തരുളിയാലും.
ഭാവികാലമോരോന്നോൎത്തു മാന്യശീലേ! മാഴ്കീടൊല്ലേ,
പാഴിലേവംമിഴിനീരുപൊഴിച്ചിടൊല്ലേ.
നിന്നുടെനന്മക്കുമേന്മേലന്യൂനയത്നത്തെച്ചെയ്യാൻ
സന്നദ്ധരാം മഹാന്മാരീമഹിയിലുണ്ടേ.
താവകജീവിതനാഥൻ സാമൂതിരിപ്പാടു നിൻെറ
യോഗക്ഷേമമേതുനാളും കൊതിച്ചീടുന്നു.
"ഒന്നാംഗ്രേഡാ"യുയൎന്നുനീ തെളിയുന്നാസുദിനത്തെ
യിന്നിതാമലയാളികൾ പ്രതീക്ഷിക്കുന്നു.
മേല്ക്കുമേലെയശോമാല ജാലമേററമണിഞ്ഞുനീ
യിക്കേരളക്ഷോണിതന്നിൽ വിളങ്ങീടട്ടെ!
അമ്പിളിത്തെല്ലണിഞ്ഞങ്ങു തളിതന്നിലമരുന്ന
തമ്പുരാനമ്പോടുനിന്നെ തുണച്ചീടട്ടെ!

ശുഭം.

എൻ. പി. എസ്സ്.
വിദ്യാൎത്ഥി.

# നമ്മുടെ പ്രാപ്യസ്ഥാനം.

നേരം അർദ്ധരാത്രിയായിരിക്കുന്നു. ഭൂദേവി തന്നെ കൂരിരുട്ടാകുന്ന കരിമ്പടം കൊണ്ടു പുതച്ചു മൂടി നിദ്രകൊള്ളുകയൊ എന്നു തോന്നും. സർവ്വചരാചരങ്ങളും പ്രശാന്തഗംഭീരമായ നിശ്ശബ്ദതയിൽ നിമഗ്നമായിട്ടുള്ളതു പോലെ ഇരിക്കുന്നു. എന്നാൽ അത്യധികമായ പ്രതാപത്തോടുകൂടി ഘടികാരം "ടിം" കാരസമന്വിതം പന്ത്രണ്ടടിച്ചു കഴിഞ്ഞു.

അർദ്ധരാത്രിയുടെ നിശ്ശബ്ദതയേയും അന്ധകാരത്തേയും ഭഞ്ജിക്കുമാറു എന്തോ ഒരു ശബ്ദം കേൾക്കുന്നു. അതു് ഒരു അബലയുടെയും ഒരു പെൺകിടാവിന്റെയും നിസ്സഹായസ്ഥിതിയെ വിളിച്ചു പറയുന്ന ദീനവിലാപം പോലെ ഇരിക്കുന്നു. ആർത്തത്രാണപരായണനായ ഹേ സർവ്വേശ്വര! അങ്ങയുടെ ആത്മസന്താനങ്ങളെ ഈ വിധം (വേദനപ്പിക്കുന്നതു ഉചിതമോ? എന്തായാലും അതെന്താണെന്നു് അറിയേണമെന്നു ഞാൻ തീർച്ചപ്പെടുത്തി.

"കോട്ടിന്റെ കട്ട്പോക്കററിൽ നിന്നു വൈദ്യുതദീപവുമെടുത്തു വാതിൽ തുറന്നു ഞാൻ പുറത്തേക്കിറങ്ങി. കരുണാനിധിയുടെ കാരുണ്യത്തിന്നായി പ്രാർത്ഥിച്ചു. തുടിക്കുന്ന ഹൃദയത്തോടുകൂടി ത്വരിതഗതിയിൽ വിലാപം കേട്ടദിക്കിലേക്കു് നടന്നു.

ദൈവമെ! ഏതൊരു വീട്ടിനെയാണു് ഞാൻ അടുക്കുവാൻ പോകുന്നതു്? അതു ഒരു ദാരിദ്ര്യപ്പിശാചിന്റെ വെറും കുടിഞ്ഞിലായിട്ടാണു് കണ്ടതു്. ശുഷ്കഭിത്തിമേൽ മഴ ചോർന്നൊലിച്ച പാടുകൾ ദാരിദ്ര്യത്തിന്റെ കാഠിന്യത്താൽ പുറപ്പെട്ട "കൺചോര"യോ എന്നു തോന്നുന്നു. കഷ്ടം! ഇങ്ങിനെയുള്ള സ്ഥലം മനുഷ്യന്നോ മൃഗത്തിന്നുതന്നെയൊ വാസത്തിന്നു കൊള്ളരുതാത്തതാണു്. ഗൃഹനായികയായ ഒരു വൃദ്ധയും മകളും അവളുടെ മകളും മാത്രമായിരുന്നു ദാരിദ്ര്യദേവതയെ ഒഴിച്ചു് ആ സാധുകുടുംബത്തിലെ അംഗങ്ങൾ.

ദിക്കെല്ലാം അന്ധകാരമയമായിരിക്കുന്ന ആ കാളരാത്രിയിൽ—അതെ കുറുക്കന്മാരുടെ "കൂട്ടൊലി"യാലും ഒരു നായയുടെ അതിദയനീയമായ നിനാദത്താലും മാത്രം ബാധിതമായ ആ നിശ്ശബ്ദനിശയിൽ—മനുഷ്യവാസയോഗ്യമല്ലാത്ത പരന്നു കിടക്കുന്ന മണലാരണ്യത്തിൽ പുരുഷസഹായമില്ലാതെ കഴിച്ചുകൂട്ടുന്ന ആ ചെറുകുടുംബത്തിന്നു എന്താണാവോ പിണഞ്ഞതു്? ഇതെന്തൊരു കാഴ്ചയാണു് ഞാൻ കാണുന്നതീശ്വര!

ബാല്യത്തിൽ രക്തപ്രസാദവും പ്രസന്നതയും ഉണ്ടായിരുന്ന വൃദ്ധ ഇതാ ഇപ്പോൾ കവിളുകൾ ഒട്ടിയും രക്തം വാർന്നലഞ്ഞും ചൈതന്യമററു കിടക്കുന്നു. കുണ്ടിലാണ്ടു കുടികൊള്ളുന്ന കണ്ണുകൾ കെടാറായ ദീപംപോലെ ജ്വലിക്കുന്നുണ്ടെങ്കിലും നിശ്ചലനിലയെ കൈക്കൊണ്ടിരിക്കുന്നു. ബാല്യത്തിലെ രക്തത്തിളപ്പിനാൽ ഈ ലോകമാണു് സർവ്വവും എന്നു ധരിച്ചതു തെററിപ്പോ

യി എന്ന വാസ്തവത്തെ ഇതാ ആ ദയനീയസ്ഥിതി വിളിച്ചുപറയുന്നു. മനുഷ്യർ എത്രതന്നെ പഠിച്ചാലും പഠിപ്പിച്ചാലും നേർവഴിക്കുപോകുന്നതു നന്നെ ചുരുക്കം തന്നേ. സ്വപ്നസമാനമായ ഐഹികസുഖങ്ങളെ അവർ വാസ്തവമായികരുതുന്നു! ശാശ്വതമായ പാരത്രികസുഖത്തിന്നായി എത്രയോ ദുർല്ലഭം ആളുകൾ മാത്രം യത്നിക്കുന്നു!

ജരാനരകളാൽ പീഡിതയായ വൃദ്ധ മരണശയ്യയിൽ കിടന്നുകൊണ്ടു തൻെറ അരുമസന്താനങ്ങളോടു നാവു കുഴഞ്ഞിടറിക്കൊണ്ടു ഗൽഗദസ്വരത്തിൽ, പറഞ്ഞുതുടങ്ങി.

"മകളെ നിന്നോടു പറയുവാനുള്ളതെല്ലാം പലപ്പോഴുമായി പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഈ ലോകവുമായിട്ടുള്ള എൻെറ ബന്ധം തീരാറായിരിക്കുന്നു. എൻെറ ഉപദേശങ്ങളെ നീ മറക്കാതെ സർവ്വദാ ഈശ്വരസ്മരണയോടുകൂടി കാലയാപനം ചെയ്യുക. ജഗദീശ്വരൻെറ കാരുണ്യത്തിൽ വിശ്വസിക്കുക. നമ്മുടെ ശാശ്വതമായ ആനന്ദസ്ഥാനം ഈശ്വരസന്നിധിയാകുന്നു. അതുകൊണ്ടു ഞാൻ അവിടേക്കായി പോകുന്നു. ഈ സന്ദർഭത്തിൽ എൻെറ പ്രിയമക്കളെ! നിങ്ങൾ സന്തോഷിക്കുകയാണ് വേണ്ടത്. ആ ഉൽകൃഷ്ടസ്ഥാനലബ്ധിക്കായി നിരന്തരം സൽകർമ്മമാർഗ്ഗേണ പരിശ്രമം ചെയ്യുാലും. നാം സ്വർഗ്ഗത്തിൽ എത്തിച്ചേർന്നാൽ ഒരിക്കലും വേർവിടേണ്ടിവരികയോ ദുഃഖം അനുഭവിക്കേണ്ടിവരികയൊ ഇല്ല.

തുടരെത്തുടരെ ഒഴുകിക്കൊണ്ടിരിക്കുന്ന കണ്ണുനീരിനാൽ നനക്കപ്പെട്ട മുഖത്തിൽ ഉടനെ പ്രസന്നത വിളയാടി.

സംതൃപ്തയായ ആ സാധുവൃദ്ധ ജഗദീശ്വരൻെറ വിലാസങ്ങളെ ഓർത്തു ഹരഹര എന്നു പറഞ്ഞുംകൊണ്ടുകണ്ണുകളടച്ചു. അതെ എന്നെന്നേക്കുമായി അവ അടഞ്ഞുകഴിഞ്ഞു.

അനന്തരസംഭവങ്ങളെ വർണ്ണിക്കുവാൻ അസാദ്ധ്യം. അവ അത്രയും ദയനീയമായിരുന്നു.

ഇതുകളെല്ലാം സ്വപ്നമാണെന്നു കാക്കയുടെ കർണ്ണകഠോരമായ രവത്താൽ ഞെട്ടിയുണർന്നപ്പോൾ മാത്രമെ ഞാൻ അറിഞ്ഞുള്ളു.

പ്രാപഞ്ചികവിഷയാർണ്ണവത്തിൽ പെട്ടു കരകാണാതെ ബുദ്ധിമുട്ടുന്ന പാവങ്ങൾക്കു മരണം എത്ര ഭയാനകം. എന്നാൽ അതു അത്ര ഭയങ്കരമല്ല. "ജീർണ്ണവസ്ത്രങ്ങളുപേക്ഷിച്ചു മാനുഷർ പൂർണ്ണശോഭം നവവസ്ത്രങ്ങൾ കൊള്ളുന്നു. ജീർണ്ണദേഹങ്ങൾ അവ്വണ്ണമുപേക്ഷിച്ചു പൂർണ്ണശോഭം നവദേഹങ്ങൾ കൊള്ളുന്നു." ഇത്രയും തുച്ഛമായ സംഗതി പ്രാപഞ്ചികന്മാരായ പാമരന്മാൎക്കു അതിരററ ദുഃഖഹേതുതന്നെ.

ഈ മായാപ്രപഞ്ചമല്ല നമ്മുടെപ്രാപ്യസ്ഥാനം. സ്വപ്നസമാനമായ ഇഹത്തിൽ സ്ഥാനമാനങ്ങളോടുകൂടി ജീവിപ്പാൻ എത്രപേർ അവരുടെ പരിപാവനമായ ജീവിതം പാഴാക്കുന്നു.

നമ്മുടെ പ്രാപ്യസ്ഥാനം പുത്രനിർവ്വിശേഷമായ സ്നേഹത്തോടുകൂടി ആലിംഗനം ചെയ്യുന്ന നമ്മുടെ സൎവ്വേശ്വരൻ പിതാ

വിൻെറ സന്നിധിയാണ്. ആ ഉൽകൃഷ്ട സ്ഥാനം ലഭിക്കുവാനാണ് ഏതൊരു മനുഷ്യനും യത്നിക്കേണ്ടതു്.

കേരളം ഭ്രാന്തശാല" എന്ന വ്യസനസമേതം വിവേകാനന്ദസ്വാമികൾ അഭിപ്രായപ്പെട്ടതു ഇന്നും വാസ്തവം മാത്രമാണ്. എന്തു ഭ്രാന്ത്? ജാതിഭ്രാന്തുതന്നേ. മഹാകവി കുമാരനാശാൻ ശോകാകുലനായി പാടിയതു നോക്കുക.

"ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും
സ്നേഹമൊലിക്കുമരവുകളും
ആഹന്തയെത്രവിഫലമാക്കിത്തീൎത്തു
നീ ഹിന്തുധൎമ്മമെ "ജാതി"മൂലം
എത്രപെരുമാക്കൾ ശങ്കരാചാൎയ്യന്മാരെത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരയാം ജാതിയാൽ ന്യൂനമലസിപ്പോയ്.
കേരളമാതാവെ നിൻവയററിൽ
...........................................
എന്തിന്നു കേഴുന്നു ദീനയൊനീദേവി
എന്തുചെയ്‌വാൻ ദരിദ്രയൊനീ
ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ!
...........................................
...........................................
എന്തൊരുവൈകൃതം ബ്രഹ്മവിദ്യേ! നിന്നിലെന്താണീ കാണുന്ന വൈപരീത്യം
നിൎണ്ണയം നിന്നെപ്പോൽ പാരിലധോഗതി
വിണ്ണവർഗംഗയ്ക്കുമുണ്ടായില്ല"

അന്ധവിശ്വാസക്കോട്ടകളിൽആധിപത്യം വഹിക്കുന്ന ജാതിപ്പിശാചിൻെറ ശിക്ഷാരക്ഷയിൽ പെട്ടുവലഞ്ഞുപോയ അല്ലയൊ ജാതിക്കോമരങ്ങളെ" ലക്ഷോപലക്ഷം സഹോദരീസഹോദരന്മാരെ! ഭാരതമാതാവിൻെറ അരുമസന്താനങ്ങളെ. ഇനിയെങ്കിലും ഒന്നുണൎന്നു മാതാവിൻെറ മേന്മക്കായി പ്രവൎത്തിക്കുമോ? അന്ധവിശ്വാസക്കോട്ടകളെ അടിച്ചുടച്ചു "ജാതിപ്പിശാചിനെ" പിടിച്ചിഴച്ചു പശ്ചിമപയോധിയിലേക്കു ഗളഹസ്തദാനം ചെയ്യുക. എന്നാൽ മാത്രമേ നമ്മുടെ ഭാവി ശോഭനമായിത്തീരുകയുള്ളൂ.

ടി. സി. രത്നാകരൻ.
(സീനിയർ വിദ്യാൎത്ഥി)

ചില സ്നേഹിതന്മാർ ശീട്ടുകളിക്കുമ്പോൾ, പരാജയം നേരിട്ട ഒരാൾ, തൻെറ എതിർകക്ഷിയിലെ ഒരാളെപ്പററി:—ഇയ്യാൾ കളിയിൽ ജയിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നും ഇല്ല; മൂന്നുഗ്രഹങ്ങളുച്ചത്തിലില്ലെ?
മറെറാരാൾ:— എന്തെല്ലാം ഗ്രഹങ്ങളാണിയാൾക്കുച്ചത്തിൽ?
ഒന്നാമൻ:—ഓഹോ! അതറിയില്ലെ? ആഗ്രഹം, അത്യാഗ്രഹം, ദുരാഗ്രഹം.

# "പിക്കററിംങ്ങ്" പ്രസ്ഥാനം.

കോളേജുമാസികയിൽ രാഷ്ട്രീയലേഖനങ്ങളെ പ്രസിദ്ധപ്പെടുത്തുകയില്ലെന്നുള്ളതു അനുഭവംകൊണ്ടു എനിക്കു നല്ലവണ്ണം അറിയാം. എൻെറ ഈ പ്രബന്ധത്തിൽ പിക്കററിങ്ങിൻെറ രാഷ്ട്രീയാംശത്തെപ്പററി ഒന്നുംതന്നെ പ്രസ്താവിക്കുന്നതല്ല; വിദ്യാൎത്ഥികളുടെയും വിദ്യാലയങ്ങളുടേയും പിക്കററിങ്ങിനെക്കുറിച്ചു മാത്രമേ അല്പം പറയാമെന്നു വിചാരിക്കുന്നുള്ളു.

ഇപ്പോഠം ഇന്ത്യയിൽ പലേടങ്ങളിലും വിദ്യാൎത്ഥികഠം വിദ്യാലയങ്ങളെ ബഹിഷ്കരിക്കുകയും പിക്കററുചെയ്യുകയും ചെയ്തുവരുന്നുണ്ടെന്നുള്ളതു പരക്കേ അറിയുന്ന സംഗതിയാണല്ലോ. വിദ്യാൎത്ഥികളുടെ ഈ പ്രവൃത്തി ഒരുപ്രകാരത്തിലും അവരുടെയോ രാജ്യത്തിൻേറയൊ ക്ഷേമത്തിന്നും ഭാവിശ്രേയസ്സിന്നും ഉതകുന്നതാണെന്നു വിചാരിപ്പാൻ വഴികാണുന്നില്ല. ഇതുകഠം നമ്മുടെ താല്ക്കാലികമായ ക്ഷോഭത്തിൻേറയും അവിവേകത്തിൻേറയും പ്രദൎശനം മാത്രമെന്നല്ലാതെ ആലോചനാപൂൎവ്വമായ പ്രവൃത്തിയാണെന്നു ഒരിക്കലും വിചാരിച്ചുകൂട. സാമൂതിരികോളേജിലെ ചില വിദ്യാൎത്ഥികളും ഇയ്യിടെ ഒന്നുരണ്ടുപ്രാവശ്യം ഇങ്ങിനെ പ്രവൎത്തിച്ചു എന്നു അറിഞ്ഞതുകൊണ്ടാണ് ഈ ഒരു ലേഖനം എഴുതാൻ ഞാൻ തുനിഞ്ഞിട്ടുള്ളതു്. വിദ്യാൎത്ഥികളായ നമ്മുടെ പ്രവൃത്തി ബുദ്ധിപൂൎവ്വവും ആശാസ്യവും അല്ലെന്നുള്ളതിന്നു എനിക്കു തോന്നുന്നതും ഞാൻ കേട്ടുഗ്രഹിച്ചിട്ടുള്ളതും ആയ ചില സംഗതികളെ ചുരുക്കത്തിൽ ചുവടെ കൊടുക്കാം.

(1) നമ്മുടേ മാതാപിതാക്കന്മാർ പ്രായേണ നമ്മുടേ ഈ പ്രവൃത്തിക്കെതിരാണ്. രക്ഷിതാക്കന്മാരിൽ 100-ൽ 90 ആളുകളും അവർ സ്കൂളുകളിലേക്കയയ്ക്കുന്ന കുട്ടികഠം പഠിക്കാതെ, ഇങ്ങിനെയുള്ള ഏൎപ്പാടുകളിൽ പങ്കുകൊള്ളേണമെന്നു ഒരിക്കലും വിചാരിക്കുന്നുണ്ടെന്നു കരുതിക്കൂടാ. തങ്ങളുടെ മക്കഠം ഇങ്ങിനേ ചെയ്തു എന്നു കേഠക്കുമ്പോഠം അവൎക്കു കണക്കില്ലാത്ത കോപവും വ്യസനവുമാണ് ഉണ്ടായിക്കാണുന്നതു്. നമ്മുടെ ക്ഷേമാഭിവൃദ്ധികളിൽനമ്മുടേ മാതാപിതാക്കന്മാൎക്കും രക്ഷിതാക്കന്മാൎക്കും ഉള്ളത്ര ശ്രദ്ധ ലോകത്തിൽ യാതൊരാഠക്കും ഒരുകാലത്തും ഉണ്ടാകുന്നതല്ലെന്നുഎത്രയുംഉറപ്പോടുകൂടിപറയാം. അവരുടേ നേരേ നമുക്കുണ്ടായിരിക്കേണ്ടുന്ന സ്നേഹവും ബഹുമാനവും ഭക്തിയുംഎത്രമാത്രമായിരിക്കേണമെന്ന് ഒരിക്കലും നിൎണ്ണയിച്ചുപറവാൻസാധിക്കാത്തതുമാണ്. അതുകൊണ്ടു് അവരുടേ ഇഷ്ടത്തിന്നു എതിരായി നാം പ്രവൎത്തിക്കുന്നതുപോലേ അസംബന്ധവും വിഡ്ഢിത്തവും ലോകത്തിൽ യാതൊന്നും ഇല്ല.

(2) നമ്മുടെ മാതാപിതാക്കന്മാരേ കഴിച്ചാൽ, നമ്മുടെ നേരെ അകൃത്രിമമായ സ്നേഹവും നമ്മുടെ ശ്രേയസ്സിൽ അകൈ

തവമായ സന്തോഷവും ഉള്ളവർ നമ്മുടെഗുരുനാഥന്മാർ തന്നേയാണ്. നമ്മുടെ വിദ്യാലയബഹിഷ്കരണപിക്കററിങ്ങ പ്രവൃത്തിയിൽ അവൎക്കാൎക്കും ഇഷ്ടമോ അനുകമ്പയൊ ഇല്ലെന്നു ഞാൻ പറയേണ്ടതില്ലല്ലൊ. അങ്ങിനേ ഇല്ലാത്തതു് അവൎക്കു് സ്വരാജ്യസ്നേഹമില്ലാഞ്ഞിട്ടാണെന്നു ആരുംതന്നേ കരുതരുതു്. നമ്മൾ വഷളായിപ്പോകരുതു് എന്നു വിചാരിച്ചിട്ടുമാത്രമാണ് അവർ നമ്മുടെ ആലോചനാശൂന്യമായ പ്രവൃത്തിയിൽ അനുഭാവം കാണിക്കാത്തതു്. നാം പഠിക്കാൻ പോകാതിരുന്നാൽ അതിന്റെ കേടു നമുക്കു തന്നേയാണ്. നമ്മൾ സ്കൂളുകളിൽ പോകാതിരുന്നാൽ മാസ്റ്റർമാർ ശമ്പളം കിട്ടാതെ പട്ടിണി കിടക്കേണ്ടിവരുമെന്നു വിചാരിക്കുന്നതും ഒരു വിഡ്ഢിത്തം മാത്രമാണ്. അവൎക്കു കഴിച്ചുകൂട്ടാൻ വേറെ യാതൊരു മാൎഗ്ഗവും ഇല്ലെന്നു കരുതുന്നതു ഒരു വലിയ അബദ്ധമല്ലാതെ മറെറാന്നുമല്ല.

നമ്മുടെ ക്ഷേമാഭിവൃദ്ധികളിൽ നിഷ്കപടമായ സ്നേഹമുള്ള മാതാപിതാക്കന്മാരുടേയും മാസ്റ്റർമാരുടേയും അഭീഷ്ടത്തിന്നെതിരായതുകൊണ്ടു തന്നേ നമ്മുടെ പിക്കററിങ്ങ മുതലായ പ്രവൃത്തികൾ നിൎത്തിവെക്കേണ്ടതാണെന്നുള്ളതിന്നു സംശയമില്ല.

(3) നാം ഇടയ്ക്കിടയ്ക്കു ഹാൎത്താൽ അനുഷ്ഠിക്കാനെന്നും പറഞ്ഞു സ്കൂളിൽനിന്നു ചാടിപ്പോകുന്നതുകൊണ്ടു വല്ല കാൎയ്യത്തിന്നും വല്ല ഗുണവും സിദ്ധിക്കുന്നതാണോ? ഒരു ദിവസം സ്കൂളിൽപോകാഞ്ഞാൽ അന്നേത്തെ പഠിപ്പുപോയി എന്നല്ലാതെ മററു യാതൊരു കാൎയ്യവും ഉണ്ടെന്നു തോന്നുന്നില്ല. ഉണ്ടെങ്കിൽ അതു അനുസരണക്കേടു്, അവിനയം എന്നിങ്ങിനെയുള്ള ഓരോ ദോഷങ്ങളെ നമ്മളിൽ വേരൂന്നിപ്പടൎത്തി ഒടുവിൽ നാം അനുസരിക്കാനൊ അനുസരിപ്പിക്കാനൊ കൊള്ളരുതാത്തവരായിത്തീരുന്നതു മാത്രമാണ്. അനുസരിക്കാൻ അറിഞ്ഞുകൂടാത്തവൎക്കു മററുള്ളവരെ അനുസരിപ്പിക്കാനും സാധിക്കുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു ഹാൎത്താൽ മുതലായവ നമുക്കു കാലക്രമേണ പലപല ദോഷഫലങ്ങളേയും ഉണ്ടാക്കുകമാത്രമാണ് ചെയ്യുന്നതു്. പിക്കററിങ്ങിനേപ്പററി പറയുന്നതായാൽ അതു വലിയ ഒരു അന്യായവും അധൎമ്മവും ആണെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഫീസ്സും കൊടുത്തു സ്കൂളിൽ പഠിക്കാൻ പോകുന്ന കുട്ടികളേ ഗെയിററിൽനിന്നു് അകത്തേയ്ക്കു കടക്കുന്നതിനേ തടയുന്നതിനേക്കാൾ അധൎമ്മവും അന്യായവും മററുവല്ലതും ഉണ്ടോ? വിദ്യാലയം എല്ലാവൎക്കും പ്രവേശിച്ചു പഠിപ്പാനുള്ള ഒരുസ്ഥലമാണ്. അങ്ങിനേയുള്ള സ്ഥലത്തേക്കുപോകരുതെന്നുചെറുക്കുന്നതു് എത്രയും കഷ്ടമായിട്ടുള്ളതാണ്. അങ്ങിനെ തടഞ്ഞുനിൎത്തുവാൻ നമുക്കു് യാതൊരധികാരവും ഇല്ലതാനും. സ്കൂളിൽ പോയി പഠിക്കുന്നതു് നാം തടഞ്ഞുനിൎത്തത്തക്കവിധത്തിൽ മോശമായിട്ടുള്ള ഒരു പ്രവൃത്തിയാണെങ്കിൽ, നാം പിറേറദിവസം അവിടെ കടന്നുചെല്ലുന്നതു് ശരിയായിട്ടുള്ളതാണോ? അന്നു് നമ്മേ ഉള്ളിലേയ്ക്കു പ്രവേശിക്കാൻ അനുവദിക്കാത്തപക്ഷം, നമുക്കു് അതെത്രത്തോളം രസകരമായിരിക്കും? ഈ കാൎയ്യവും ഒന്നു പ്രത്യേകം ആലോചിക്കേണ്ടതുതന്നെയാണ്.

(4) നാം ഹാത്തൽ മുതലായവ അനുഷ്ഠിക്കുന്നതു് രാഷ്ട്രീയനേതാക്കന്മാരെ അവർ നിയമവിരോധമായി പ്രവത്തിച്ചതിനു, ഗവമ്മേണ്ട് അവരേ "അറസ്റ്റു" ചെയ്യുമ്പോഴാണല്ലോ. ഗവമ്മേണ്ടിന്റെ പ്രവൃത്തി കേവലം അന്യായമാണെന്നു തന്നേ, വാദത്തിനുവേണ്ടി, വിചാരിക്കുക. അതിനുള്ള പ്രതിവിധി പിക്കററിങ്ങാണെന്നും വിചാരിക്കുക. എന്നാൽ നാം പിക്കററുചെയ്യേണ്ടതു് നമ്മുടെ സ്കൂളുകളെയാണൊ? കോളേജധികൃതന്മാർ രാഷ്ട്രീയനേതാക്കന്മാരേ പിടിച്ചുകൊണ്ടുപോകുന്നതിന്നു വല്ലപ്രകാരത്തിലും ഉത്തരവാദികളായിരുന്നുവെങ്കിൽ, അഥവാ അവരേ പിടിച്ചതിലുള്ള സന്തോഷത്തെ പ്രദൎശിപ്പിക്കുവാൻ വേണ്ടി ഒരു പ്രത്യേകദിവസം കോളേജ് നടത്തുന്നുണ്ടെങ്കിൽ കോളേജുകളേ പിക്കററുചെയ്യുന്നതിനു അല്പമെങ്കിലും അത്ഥമുണ്ടെന്നു വിചാരിക്കാവുന്നതാണ്. ഇതുകളൊന്നും ഇല്ലാത്ത സ്ഥിതിക്ക് കോളേജുകളെ പിക്കററുചെയ്യുന്നതു് ബുദ്ധിശൂന്യതയുടേ മൂദ്ധന്യം മാത്രമായിട്ടു വിചാരിപ്പാൻ തരമുള്ളു. നമ്മുടേ പിക്കററിങ്ങു തുടങ്ങിയ പ്രവൃത്തി. "അങ്ങാടിയിൽ തോററാൽ അമ്മയോട്" എന്ന പഴഞ്ചൊല്ലിനുള്ള ഉദാഹരണമായിട്ടേ എടുപ്പാൻ തരമുള്ളു, എന്നാണ് എനിക്കു തോന്നുന്നതു്.

(5) ഇനി ആലോചിപ്പാനുള്ളതു് നാം നമ്മുടേ വിദ്യാഭ്യാസകാലത്തു് നമ്മുടേ പൂണ്ണശ്രദ്ധയും വിദ്യാഭ്യാസവിഷയത്തിൽ പതിയിക്കണം എന്നുള്ളതിനേക്കുറിച്ചാണ്. ഏതെങ്കിലും ഒരു കായ്യം ചെയ്യാമെന്നുവെച്ചാൽ അതു നല്ലവണ്ണം ചെയ്യേണ്ടതാണ്. വിദ്യാഭ്യാസംചെയ്യേണ്ടുന്ന കാലത്തു് അതു നേരാംവണ്ണം ചെയ്യാതേ അലസന്മാരായി നടന്നിട്ടുള്ളവർ പിന്നീട് അവരുടേ ജീവിതത്തിൽ വല്ലാതേ കഷ്ടപ്പെടേണ്ടിവരുന്നുണ്ടെന്നുള്ളതു് എല്ലാവരും അറിയുന്ന സംഗതിയാണല്ലോ. വിദ്യാത്ഥികളായിരിക്കുന്ന കാലത്തു് നമ്മുടേ പ്രധാനമുറ കഴിയുന്നത്ര ജ്ഞാനം സമ്പാദിക്കുന്നതുതന്നെയാണ്. രാഷ്ട്രീയമായ ജ്ഞാനവും നാം അപ്പോൾ സമ്പാദിക്കേണ്ടതാണെന്നുള്ളതിനു യാതൊരു സംശയവും ഇല്ല. എന്നാൽ രാഷ്ട്രീയ കാൎയ്യങ്ങളിൽ കൈയ്യിട്ടുപ്രവത്തിക്കേണ്ടതു വിദ്യാത്ഥികളായിരിക്കുമ്പോഴല്ല എന്നു മാത്രമേ എനിക്കു പറവാനുള്ളു. അതിനുള്ള കാലം നമ്മുടേ നേതാക്കന്മാൎക്കുള്ളതുപോലേ, നമുക്കും നമ്മുടേ വിദ്യാത്ഥിജീവിതത്തിനുശേഷം സിദ്ധിക്കുന്നതാണ്. അതുകൊണ്ട്, പ്രിയസഹോദരരേ, വിദ്യാത്ഥികളായിരിക്കുന്ന കാലത്തു് നാം രാഷ്ട്രീയസമരത്തിനുവേണ്ടുന്ന സർവ്വ സാമഗ്രികളും ക്ഷമിച്ചിരുന്നു സംഗ്രഹിക്കുവാൻ ശ്രമിക്കുക. ഏതൊരു യുദ്ധത്തിനും അഭ്യാസം അത്യാവശ്യമാണ്. അതില്ലാതേ പുറപ്പെടുന്നവരുടേ കഥ, രണ്ടുതോണിയിൽ കാലുവെയ്ക്കുന്നവരുടേതുപോലെ ആയിരിക്കും. അതിനിട വരാതിരിപ്പാൻ പ്രയത്നിക്കുക.

ഒരു പഴയവിദ്യാത്ഥി.

## ഭാഷാന്തരപംക്തി.

മൂലം.

1. സാധാരണതരുബുദ്ധ്യാ
നമയാരചിതസ്തവാലവാലോപി।
ലജ്ജയസീദാനീം മാം
ചംപക! സൗരഭ്യനിര്‍ഭരൈഃ കുസുമൈഃ॥

തര്‍ജ്ജിമകള്‍.

1. ഉണ്ടേററെവൃക്ഷമതിലൊന്നിതുമെന്നുറച്ചു
കൊണ്ടേഷ ഞാന്‍ തടമതും തവതീര്‍ത്തതില്ല
ഉണ്ടാക്കിടുന്നിതു സുഗന്ധസുമപ്രഭാവം
കൊണ്ടാശയത്തിലയിചംപക! നാണമേററം.

പ്രസാധകന്‍: കെ. രാമന്‍നമ്പ്യാര്‍.

2. ഒരു സാധാരണമരമായ്
കരുതിത്തീര്‍ത്തില്ലഞാന്‍ തടംപോലും
മണമോലും മലര്‍നിരയാല്‍
ചമ്പക! നീ നാണമിന്നു നല്കുന്നു.

ഡി. ആര്‍. ശിരോമണി.

3. നീയൊരുപട്ടമരമെന്നാ-
യീ യുള്ളോനോര്‍ത്തുകെട്ടിയില്ലതടം
ഇപ്പോഴുംനീയിതലജ്ജി-
പ്പിപ്പൂ ചമ്പക! സുഗന്ധികുസുമത്താല്‍.

പി. സി. അനുജന്‍രാജാ.

4. സാധാരണതരുവെപ്പോല്‍
കരുതിത്തടവും രചിച്ചതില്ലീഞാന്‍
സുരഭിലസുമജാലത്താല്‍
ചമ്പക! നീലജ്ജയിപ്പൊഴേകുന്നു.

ആര്‍. കെ.

5. സാധ്.രാണ മരമെന്നായ്
കരുതിരചിച്ചില്ലതെതടംപോലും
വാസനയേറുംപൂവാ-
ലധുനാ നീ ലജ്ജചേര്‍പ്പൂചമ്പകമെ.

ടി. ആര്‍. നാരായണയ്യര്‍.

ഭാഷാന്തരത്തിനു്.

അഹോദുര്‍ജ്ജനസംസര്‍ഗ്ഗാ-
ന്മാനഹാനിഃ പദേ പദേ
പാവകോലോഹസംഗേന
മുദ്ഗരൈരഭിഹന്യതെ.

പ്രസാധകന്‍: കെ. സി. കുട്ട്യപ്പനമ്പ്യാര്‍.

# വിജ്ഞാപനം.

1. ഈ മാസിക സപ്തേമ്പർ, ഡിസമ്പർ, മാൎച്ച് എന്നീ മാസങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്നതാകുന്നു.

2. മാസികയിൽ ചേൎക്കാനുള്ള ഉപന്യാസങ്ങൾ, മാസിക പ്രസിദ്ധപ്പെടുത്തിയതിനുശേഷം ഒരു മാസത്തിനുള്ളിൽ ഇവിടെ കിട്ടേണ്ടതാണ്.

3. മാസികയിൽ പ്രായേണ പ്രാധാന്യം നൽകുന്നതു നാതിദീൎഘങ്ങളായ ഉപന്യാസങ്ങൾക്കായിരിക്കും.

4. ഉപന്യാസങ്ങൾ മഷികൊണ്ടു വൃത്തിയായി കടലാസ്സിൻെറ ഒരു ഭാഗത്തുമാത്രം എഴുതിയിരിക്കേണ്ടതാണ്.

ടി. വി. ആർ. കുറുപ്പ്.

പത്രാധിപർ.

'ഗ്രെയിററുബ്രിട്ടനി'ൽ ഇപ്പോൾ ഏകദേശം 180 സ്ത്രീകൾ പോലീസ്സുജോലി നടത്തിവരുന്നുണ്ട്.

* * * * *

മോഡാംബിക്കിൽ, കൈതച്ചക്കയുടെ നാരുകൊണ്ട് കൃത്രിമമായ പട്ടു ഉണ്ടാക്കിവരുന്നു.

* * * * *

ആവശ്യമില്ലാത്തപ്പോൾ ശകലം ശകലമായി വേർപെടുത്തി സൂക്ഷിക്കുവാൻ സാധിക്കുന്ന ഒരു കാറിനേ ഒരു ജൎമ്മൻകാരൻ കണ്ടുപിടിച്ചിട്ടുണ്ട്.